
LIGHTED TO LIGHTEN

# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക
2021 ഏപ്രിൽ – ജൂൺ, ലക്കം 20



## ജന്മദിനാശംസകൾ



**അഭി. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്ററം മാർത്തോമ്മാ വലിയ മെത്രാപ്പൊലീത്താ (ഏപ്രിൽ 27)**



**റൈറ്റ് റവ. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ (മെയ് 10)**

## സജീവ സേവനത്തിൽ നിന്നും വിരമുക്കുന്ന വൈദീകർ



**റവ. കുഞ്ഞുകോശി വി.** (കണ്ണംകോട്)

ഭദ്രാസന സെക്രട്ടറിയായി കഴിഞ്ഞ നാലര വർഷക്കാലം ധന്യമായ ശുശ്രൂഷ നിർവ്വഹിച്ച റവ. കുഞ്ഞുകോശി അച്ചൻ സജീവ സേവനത്തിൽ നിന്നും വിരമിക്കുന്നു. **അടൂർ ഭദ്രാസനത്തിന്റെ ആശംസകൾ...**



**റവ. സി. ജോസഫ്** (പുതുവൽ)



**റവ. വർഗീസ് ജോർജ്ജ്** (കലയപുരം)

## ആശംസകൾ



**റവ. ഷിബു മാത്യു**

ബിഷപ്പ് സെക്രട്ടറിയായി കഴിഞ്ഞ അഞ്ച് വർഷം അനുഗ്രഹീതമായ ശുശ്രൂഷ നിർവ്വഹിച്ച് കോട്ടയം-കൊച്ചി ഭദ്രാസനത്തിലേക്ക് ട്രാൻസ്ഫർ ആകുന്ന റവ. ഷിബു മാത്യു അച്ചന് **യാത്രാ മംഗളങ്ങൾ നേരുന്നു..**

# ഉള്ളടക്കം


**02**
ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

**04**
ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പ്

**05**
എഡിറ്റോറിയൽ



**06**
**ഉത്ഥിതന്റെ സാമിപ്യം സമ്മാനിക്കുന്ന...**
റവ.കെ. ശാമുവൽ



**09**
**കർഷകസമരം മനുഷ്യാന്തസ്സ് നിലനിർത്തുന്ന...**
റവ.മാത്യു ചാക്കോ




**17**
**As We Begin Again!**
Dr. Susan Mathew



**19**
**ഓൺലൈൻ പഠനം സാധ്യതയും പരിമിതിയും**
രേഷ്മ റ്റി. വർഗീസ്



**21**
**പരാജയങ്ങൾ വിജയത്തിന്റെ ചൂണ്ടുപലക**
ഡോ. ജാൻസി ജെയിംസ്



**22**
**ജീവന്റെ ഘടികാരം**
അമൽ മാത്യു



# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക

2021 ഏപ്രിൽ – ജൂൺ, ലക്കം 20



പ്രസിഡന്റ്
**റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. ഡോ. പി. ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കമ്മിറ്റി അംഗങ്ങൾ
**റവ. മാത്യു പി. തോമസ്**
**ശ്രീ. വർഗ്ഗീസ് തരകൻ**
**ശ്രീ. കെ. ജോൺസൺ വൈദ്യൻ**
**അഡ്വ. പി. കെ. സക്കറിയ**
**ശ്രീ. ജോൺ സക്കറിയ**
**ശ്രീമതി സുമാ ജോർജ്ജ്**

കവർ & ലേഔട്ട്
**ക്രയോൺസ് മീഡിയ, തിരുവല്ല**



വിലാസം:
**എഡിറ്റർ, ഹെർമ്മോൻ ദൂതൻ**
ഹെർമ്മോൻ അരമന
അടൂർ – 691 523



**വാർഷിക വരിസംഖ്യ – 50/–**



04734 228240 hermondoothan@gmail.com www.adoordiocese.org

# ഭദ്രാസന
## എപ്പിസ്കോപ്പായുടെ കത്ത്



കർത്താവിൽ പ്രിയരെ,

നമ്മുടെ ഭദ്രാസനത്തിന്റെ ത്രൈമാസികയായ ഹെർമ്മോൻ ദൂതനിലൂടെ വീണ്ടും നിങ്ങളേവരെയും അഭിസംബോധന ചെയ്യുന്നതിന് ഇടയാകുന്നതിൽ സന്തോഷമുണ്ട്. കോവിഡ് 19-ന്റെ വ്യാപനം നമ്മുടെ സാധാരണ പ്രവർത്തനങ്ങളെ ഒരു പരിധി വരെ ബുദ്ധിമുട്ടിലാക്കിയെങ്കിലും അതിനെ ദൈവകൃപയോടെ അതിജീവിച്ച് മുന്നോട്ടുപോകുവാൻ കഴിയുന്നതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. ലഭ്യമായിരിക്കുന്ന കോവിഡ് വാക്സിൻ ഈ വിപത്തിൽനിന്ന് ഏവരെയും സംരക്ഷിക്കുവാൻ പര്യാപ്തമാകണെ എന്ന് നമുക്കു പ്രാർത്ഥിക്കാം. കോവിഡ് നൽകിയ ചില പാഠങ്ങൾ തുടർന്നും പാലിക്കുവാൻ നമുക്കു സാധിക്കണം. ജാഗ്രത കൈവിടാതെ, നിർദ്ദേശങ്ങൾ പാലിച്ച്, ചിട്ടയായ ജീവിതം നയിക്കുവാനും നമുക്ക് ഏവർക്കും ഇടയാകണം.

വലിയനോമ്പിന്റെ സമാപ്തി കുറിച്ചുംകൊണ്ട് പീഡാനുഭവ ആഴ്ചയിലെ ശുശ്രൂഷകർ നല്ല നിലയിൽ എല്ലായിടത്തും നടന്നു എന്ന് വിശ്വസിക്കുന്നു. മരണശക്തികളുടെമേലുള്ള വിജയം ഉദ്ഘോഷിക്കുന്നതാണല്ലോ ഉയിർപ്പ് പെരുന്നാളിന്റെ സന്ദേശം. എന്ത് പ്രതിസന്ധികൾ നേരിടേണ്ടി വന്നാലും അതിനെയെല്ലാം അതിജീവിക്കുവാൻ പോകുന്ന പ്രതീക്ഷയുടെ ഊർജ്ജമാണ് ഈസ്റ്റർ ഏവർക്കും പ്രദാനം ചെയ്തിട്ടുള്ളത്. ഉയിർപ്പ് ദിനത്തിന്റെ അതിരാവിലെ കല്ലറയ്ക്കൽ എത്തിയ സ്ത്രീകൾക്ക് നൽകിയ നിയോഗം ഇന്നും പ്രസക്തമാണ്. “അവൻ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേറ്റു എന്നു വേഗം ചെന്നു അവന്റെ ശിഷ്യന്മാരോടു പറവീൻ, അവൻ നിങ്ങൾക്കു മുമ്പെ ഗലീലെക്കു പോകുന്നു; അവിടെ നിങ്ങൾ അവനെ കാണും” (മത്തായി 28:7).

ഉയിർപ്പിന്റെ സാക്ഷികളാകുന്നതിനാണ് സഭയെ ലോകത്തിൽ ആക്കിയിരിക്കുന്നത്. ആ നിയോഗം ഓരോരുത്തർക്കുമുള്ള ക്രിസ്തു നിയോഗമായി മനസ്സിലാക്കി പ്രവർത്തിക്കുവാൻ നമുക്ക് ഏവർക്കും കഴിയണം.

എല്ലാ വർഷവും മെയ് മാസത്തിന്റെ ആദ്യവാരം പട്ടക്കാരുടെ സ്ഥലംമാറ്റത്തിന്റെ സമയമാണെല്ലോ. ഈ വർഷം നമ്മുടെ ഭദ്രാസനത്തിൽ അനുഗ്രഹകരമായ ശുശ്രൂഷകൾ നിർവ്വഹിച്ച് സഭയുടെ ക്രമീകരണമനുസരിച്ച് 20 പട്ടക്കാർ മറ്റ് ഭദ്രാസനങ്ങളിലേക്ക് സ്ഥലം മാറിപ്പോകുന്നു. ഇപ്പോൾ ഭദ്രാസനസെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന റവ. കുഞ്ഞുകോശി വി., റവ. സി. ജോസഫ്, റവ. വർഗ്ഗീസ് ജോർജ്ജ് എന്നീ വന്ദ്യ വൈദീകർ സജീവസേവനത്തിൽ നിന്നും വിരമിക്കുകയാണ്. ഏറിയകാലം കുടുംബമായി സഭയുടെ വിവിധ ശുശ്രൂഷാരംഗങ്ങളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് വിരമിക്കുന്ന ഈ വേളയിൽ പ്രിയപ്പെട്ട അച്ചന്മാരോടും കുടുംബങ്ങളോടും സഭയുടെ സ്നേഹവും വാത്സല്യവും നന്ദിയും രേഖപ്പെടുത്തുന്നു. തുടർന്നുള്ള ജീവിതകാലയളവ് കർത്താവിന് മഹത്വകരമായ സാക്ഷ്യജീവിതം തുടരുവാൻ സാധ്യമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഈ വർഷം 49 നവ വൈദീകരാണ് സഭാ സേവനത്തിലേക്ക് പ്രവേശിച്ചിരിക്കുന്നത്. അതിൽ 6 നവ വൈദീകർ അടൂർ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽനിന്നും ഉള്ളവരാണ്. അവരെ എല്ലാവരെയും സ്നേഹവാത്സല്യത്തോടെ സഭാസേവനത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

2021–22–ലേക്കുള്ള ഇടവക ചുമതലക്കാരെയും കമ്മറ്റി അംഗങ്ങളെയും തിരഞ്ഞെടുത്ത് ചുമതല ഏൽക്കുവാൻ ദൈവം സഹായിച്ചു. ഒരു ദൈവനിയോഗമായി കരുതി അതീവ സമർപ്പണത്തോടും ദൈവാശ്രയത്തോടുംകൂടി ശുശ്രൂഷ ചെയ്യുവാൻ ഏവർക്കും കഴിയണം. പട്ടക്കാരോട് ചേർന്ന് ഇടവകയുടെ സർവ്വോന്മുഖമായ അഭിവൃദ്ധി ലാക്കാക്കി നല്ല ശുശ്രൂഷ ചെയ്യുവാൻ ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

നമ്മുടെ 2020–21–ലെ ഭദ്രാസന അസംബ്ലി ഏപ്രിൽ മാസം 10–ാം തീയതി നടക്കുന്ന വിവരം ഇതിനോടകം അറിഞ്ഞിരിക്കുമല്ലോ. 2020–23 കാലയളവിലേക്കുള്ള ഭദ്രാസന ചുമതലക്കാരെയും കൗൺസിൽ അംഗങ്ങളെയും ഏപ്രിൽ 10–ാം തീയതി കൂടുന്ന അസംബ്ലി യോഗത്തിൽ തെരഞ്ഞെടുക്കുന്നതാണ്. കഴിഞ്ഞ ടേമിൽ അസംബ്ലി അംഗങ്ങളായും ഭദ്രാസന കൗൺസിൽ അംഗങ്ങൾ, ചുമതലക്കാർ എന്നീ നിലകളിലും ആത്മാർത്ഥതയോടെ പ്രവർത്തിച്ച എല്ലാവരെയും അനുമോദിക്കുന്നു. നന്ദി അറിയിക്കുന്നു.

കലയപുരം മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ കെട്ടിടനിർമ്മാണം നല്ല നിലയിൽ പുരോഗമിച്ചു വരുന്നു. പുതിയ അധ്യയന വർഷം ക്ലാസ്സുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് സാധിക്കത്തക്കവണ്ണമാണ് ക്രമീകരണങ്ങൾ ചെയ്തുവരുന്നത്. കലയപുരത്തും സമീപപ്രദേശങ്ങളിലുമുള്ള ഇടവകകളിലെ നമ്മുടെ കുഞ്ഞുങ്ങളെ നമ്മുടെ സ്കൂളിൽ അയയ്ക്കുന്നതിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം.

ഇലിപ്പക്കുളത്ത് നാം ആരംഭിക്കുന്ന വയോജന സാന്ത്വന പരിപാലന കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണവും വളരെ വേഗം പൂർത്തീകരിച്ച് വരുന്നു. 2020–21 സാമ്പത്തിക വർഷത്തെ ഭദ്രാസനദിനപ്പിരിവ് ഇതിലേക്ക് നാം മാറ്റിവെച്ചിരിക്കുകയാണ്. ഭദ്രാസനദിനപ്പിരിവ് പൂർത്തീകരിച്ച് എല്ലാ ഇടവകകളും ഓഫീസിൽ നൽകിയിട്ടുണ്ടെന്ന് കരുതുന്നു.

നമ്മുടെ കുഞ്ഞുങ്ങൾ വാർഷിക പരീക്ഷകൾക്കായി തയ്യാറെടുക്കുകയാണല്ലോ. കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി അവരുടെ പഠനരംഗത്തെ വളരെയധികം ബാധിച്ചിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ ഓൺലൈൻ മാധ്യമങ്ങളിലൂടെയും മറ്റും ക്ലാസ്സുകൾ ക്രമീകരിച്ച് ഈ അധ്യയനവർഷം പൂർത്തീകരിക്കുകയാണ്. നമ്മുടെ കുഞ്ഞുങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുന്നു. അടുത്ത അധ്യയന വർഷം തടസ്സങ്ങളില്ലാതെ പഠനപ്രക്രിയ തുടരുന്നതിന് ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഹെർമ്മോൻ ദൂതൻ ചീഫ് എഡിറ്ററായി കഴിഞ്ഞ 5 വർഷങ്ങളായി സ്തുത്യർഹമായ സേവനം നിർവ്വഹിച്ച റവ.പി.ജെ.തോമസ് അച്ചൻ സഭയുടെ ക്രമീകരണം അനുസരിച്ച് നമ്മുടെ അൽ–ഐൻ ഇടവക വികാരിയായി സ്ഥലം മാറിപ്പോകുന്നതിനാൽ തൽസ്ഥാനത്തേക്ക് റവ.ജോൺ മാത്യു (കുഴിക്കാല) അച്ചനെ നിയോഗിച്ചിരിക്കുന്നു. അടുക്കോടെയും ചിട്ടയോടെയും ഹെർമ്മോൻ ദൂതൻ പ്രസിദ്ധീകരിക്കുന്നതിൽ പി.ജെ.തോമസ് അച്ചൻ കാട്ടിയ ആത്മാർത്ഥത എടുത്ത് പറയത്തക്കതാണ്. അച്ചനോടുള്ള അഭിനന്ദനവും നന്ദിയും അറിയിക്കുന്നു. പുതുതായി ചുമതല ഏറ്റിരിക്കുന്ന ജോൺ മാത്യു അച്ചന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

നാം പ്രവേശിക്കുന്ന പുതിയ സാമ്പത്തിക വർഷം–ദൈവകൃപയോടെ പ്രവർത്തിക്കുവാൻ നമ്മുടെ ഭദ്രാസനത്തെയും ഇടവകകളെയും ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഈസ്റ്റർ ആശംസകളോടെ,

**ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഹെർമ്മോൻ അരമന, അടൂർ

01–04–2021

# ഭദ്രാസന സെക്രട്ടറിയുടെ
## അറിയിപ്പുകൾ



റവ. വി. കുഞ്ഞുകോശി

കോവിഡ് മഹാമാരിയുടെ നടുവിൽ ഒരു വർഷം കൂടി ഭദ്രാസനമായി പ്രവർത്തിക്കുവാൻ ദൈവം തമ്പുരാൻ നമ്മെ സഹായിച്ചു. നമ്മുടെ ഭദ്രാസനത്തെ നേർദിശയിലേക്ക് നയിക്കുന്ന അഭിവന്ദ്യ ഡോ.എബ്രഹാം മാർ പൗലോസ് തിരുമേനിയുടെ കാലോചിതമായ തീരുമാനങ്ങൾക്കും ധന്യമായ നേതൃത്വത്തിനും ദൈവത്തെ സ്തുതിക്കുന്നു.

ജനുവരി 6 മുതൽ 10 വരെ ഭദ്രാസന കൺവൻഷൻ വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചു. കോവിഡ് മാനദണ്ഡമനുസരിച്ച് നടത്തിയ യോഗത്തിൽ ആളുകളുടെ സാന്നിദ്ധ്യം പരിമിതപ്പെടുത്തിയെങ്കിലും വിവിധ ചാനലുകളിലൂടെ ധാരാളം ആളുകൾ കേൾവിക്കാരായും കാഴ്ചക്കാരായും പങ്കാളികളായി. ഉദ്ഘാടന യോഗത്തിൽ സഭയുടെ 22-ാം മാർത്തോമ്മയായി സ്ഥാനാരോഹണം ചെയ്ത അഭിവന്ദ്യ ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്തയ്ക്ക് ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും നൽകി വരവേറ്റു. ഭദ്രാസന തിരുമേനിയെകൂടാതെ ശ്രീ ജിജി തോംസൺ ഐ.എ.എസ്., വെരി.റവ.റ്റി.കെ. മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. കൺവൻഷൻ യോഗങ്ങളിൽ റവ. ഷാജി തോമസ്, റവ.തോമസ് സക്കറിയാ, ശ്രീമതി മെർലിൻ റ്റി.മാത്യു, റവ.ഡോ. മോത്തി വർക്കി എന്നിവർ പ്രസംഗിച്ചു. റവ.ജോൺസൺ സി. ജേക്കബ് കൺവീനറായും, ശ്രീ. ജോൺസൺ വൈദ്യൻ ട്രഷറാറായും പ്രവർത്തിച്ചു.

ജനുവരി 26-ന് ഭദ്രാസന കുടുംബസംഗമം കൺവൻഷൻ നഗറിൽ വച്ച് നടത്തി. പ്രശസ്ത കൗൺസിലർ ഡോ.ജോർജ്ജ് ബഹനാൻ റ്റി.നേതൃത്വം നൽകി. റവ.മാത്യു പി. തോമസ്, റവ.പി.ജെ.വർഗ്ഗീസ്, ശ്രീ ജോൺസൺ വർഗ്ഗീസ് എന്നിവർ കൺവീനേഴ്സായി പ്രവർത്തിച്ചു. മാരാമൺ കൺവൻഷനിൽ ഭദ്രാസനത്തിന്റെ സ്റ്റാൾ പ്രവർത്തിച്ചു. മാസാന്ത്യയോഗങ്ങളിൽ റവ.ഡോ.ഈശോ മാത്യു, റവ.ഏ.റ്റി.തോമസ് എന്നിവർ ധ്യാനപ്രസംഗം നടത്തി.

നമ്മുടെ ഭദ്രാസനത്തിന്റെ മാർത്തോമ്മാ ഡവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ജ്യോതിസ് മാവേലിക്കര, ദീപ്തി സ്കിൽഡ് ഡവലപ്മെന്റ് പ്രൊജക്ട് എന്നിവ ബഹു. സിനഡിന്റെ തീരുമാനപ്രകാരം ഏപ്രിൽ ഒന്നുമുതൽ ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന് കൈമാറുന്നതാണ്.

നമ്മുടെ ഭദ്രാസനത്തിൽനിന്നുള്ള ആറ് ശെമ്മാശന്മാർ ഈ മാസങ്ങളിൽ കശ്ശീശയായി പട്ടം കെട്ടപ്പെട്ടു. ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം ഹെർമോൻ ദൂതന്റെ ചീഫ് എഡിറ്റർ ആയി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച റവ. ഡോ. പി. ജെ. തോമസിനോടുള്ള പ്രത്യേക നന്ദി അറിയിക്കുന്നു. പുതിയ ചീഫ് എഡിറ്ററായി ചുമതലയേറ്റ റവ.ജോൺ മാത്യു (ഏഴംകുളം) സ്വാഗതം ചെയ്യുകയും ആശംസകൾ അറിയിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ നാലര വർഷം ഭദ്രാസന സെക്രട്ടറിയായി പ്രവർത്തിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. അതിന് നിയോഗം നൽകിയ അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലൊസ് തിരുമേനിയോടുള്ള കടപ്പാട് നിസ്സീമമാണ്. ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. ഭദ്രാസന ട്രഷറാറായി ആദ്യവർഷം പ്രവർത്തിച്ച ശ്രീ ജേക്കബ് ജോർജ്ജിനോടും തുടർന്ന് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ശ്രീ വർഗ്ഗീസ് തകരനോടുമുള്ള നന്ദി അറിയിക്കുന്നു. കൂടാതെ എന്നും താങ്ങുംതണലുമായിരുന്ന സഹോദര പട്ടക്കാർ, സുവിശേഷകർ, ഭദ്രാസന-സഭാ കൗൺസിൽ അംഗങ്ങൾ, വിശ്വാസ സമൂഹം എന്നിവരോടുള്ള നന്ദിയും അറിയിക്കുന്നു. എല്ലാത്തിനുമുപരിയായി ഇവയിലെല്ലാം കൃപാകടാക്ഷങ്ങൾ വാരികോരി നൽകിയ സർവ്വശക്തനായ ദൈവത്തന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു.

പുതിയ വർഷം പുതുക്കത്തോടും പ്രാർത്ഥനയോടും തുടരാം.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

■■■ എഡിറ്റോറിയൽ


# വിശ്വാസമൂല്യങ്ങളിലൂടെ ഒരു തീർത്ഥാടനം

“

മനുഷ്യന്റെ സങ്കടങ്ങൾക്കും സംശയങ്ങൾക്കും വിരാമമിട്ട് സ്നേഹത്തോടും സംഘബോധത്തോടും മുന്നേറുവാനുള്ള ആഹ്വാനമാണ് ഉയിർപ്പിന്റെ ഉൾക്കാഴ്ച്ചകൾ നൽകുന്നത്.



**റവ. ഡോ. പി.ജെ.തോമസ്**
ചീഫ് എഡിറ്റർ



സഹനങ്ങളുടെ കഥ പറയാത്ത വിജയങ്ങളുടെ മാധുര്യം പെട്ടെന്ന് അസ്തമിക്കുമെന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. സഹനത്തിലൂടെ മരണമെന്ന സമൃക്കുള്ള ഉത്തരമാണ് യേശുക്രിസ്തുവിന്റെ ഉത്ഥാനം. മനുഷ്യന്റെ സങ്കടങ്ങൾക്കും സംശയങ്ങൾക്കും വിരാമമിട്ട് സ്നേഹത്തോടും സംഘബോധത്തോടും മുന്നേറുവാനുള്ള ആഹ്വാനമാണ് ഉയിർപ്പിന്റെ ഉൾക്കാഴ്ച്ചകൾ നൽകുന്നത്. നിർജ്ജീവമായ പാരമ്പര്യ കഥകളെ തച്ചുടച്ച് സജീവമായ വിശ്വാസ മൂല്യങ്ങളിലൂടെ തീർത്ഥാടനം ചെയ്യുവാൻ യേശുക്രിസ്തുവിന്റെ ഉത്ഥാനം നമുക്ക് പ്രേരണ നൽകുന്നു.

കഴിഞ്ഞ നാളുകളിൽ ഹെർമോൻ ദൂതന്റെ ചീഫ് എഡിറ്ററായി പ്രവർത്തിക്കുവാൻ എനിക്ക് ലഭിച്ച അവസരത്തെ ഓർത്ത് ദൈവത്തിന് നന്ദി അർപ്പിക്കുന്നു.

അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ പ്രോത്സാഹനവും പ്രചോദനവും അക്ഷരമാലകൾ കൊണ്ടോ വായ്മൊഴികൾ കൊണ്ടോ വർണ്ണിക്കുക എന്നത് അസാധ്യമാണ്. കാരണം ഹെർമ്മോൻ ദൂതൻ ആശയങ്ങൾ കൊണ്ടും ആനുകാലിക ലേഖനങ്ങൾകൊണ്ടും അർത്ഥസംപുഷ്ടമാക്കുന്നതിൽ തിരുമേനിയുടെ ക്രിയാത്മകമായ ഇടപെടൽ എല്ലായ്പ്പോഴും ഉണ്ടായിരുന്നു.

ബഹുമാന്യരായ ഭദ്രാസന സെക്രട്ടറി കുഞ്ഞുകോശി അച്ചന്റെയും ബിഷപ്പ് സെക്രട്ടറി ഷിബു മാത്യു അച്ചന്റെയും എല്ലാ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുടെയും നിസ്വാർത്ഥമായ സേവനവും വായനക്കാരുടെ സഹകരണവും കഴിഞ്ഞ നാളുകളിൽ വളരെ വിലപ്പെട്ടതും അഭിനന്ദനീയവുമാണ്. എല്ലാവരോടുമുള്ള ഹൃദയംഗമായ നന്ദി വിനയപുരസരം അർപ്പിച്ചുകൊള്ളുന്നു.

ആശയങ്ങൾകൊണ്ടും അക്ഷരങ്ങൾകൊണ്ടും നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുവാൻ പ്രാപ്തിയുള്ള പുതിയ ചീഫ് എഡിറ്റർ ജോൺ മാത്യു കുഴിക്കാല അച്ചന്റെ ശുശ്രൂഷ വരും കാലങ്ങളിൽ ഏറ്റവും അനുഗ്രഹീതമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നന്ദിപൂർവ്വം

**റവ.ഡോ.പി.ജെ.തോമസ്**

ധ്യാനം





# ഉത്ഥിതന്റെ സാമിപ്യം സമ്മാനിക്കുന്ന ഉയിർത്തെഴുന്നേല്പ്പ്

റവ. കെ. ശാമുവൽ
കൊടുമൺ

> “
>
> ഓരോ പ്രഭാതവും ഓരോ തരത്തിൽ ഉയിർത്തെഴുന്നേൽപ്പുകളാണ്. ജീവിതം കുറച്ചു കൂടെ നന്നായി തുടങ്ങാനാകും എന്ന ചിന്തകളോടെ, ഇന്നലത്തെ പിഴവുകൾ തിരുത്താനാവും എന്ന പ്രതീക്ഷകളോടെ ആരംഭിക്കുന്ന പുതിയ ദിനം.

വിശ്വപ്രസിദ്ധമായ ഹോളിവുഡ് ഫിലിം ആണ് World in Darkness (ഇരുട്ടിലായ ലോകം). കർത്താവായ യേശുവിനെ അടക്കം ചെയ്ത കല്ലറ സൂക്ഷ്മമായി പരിശോധിച്ച് ചില ഗവേഷകർ കല്ലറയ്ക്കുള്ളിൽ രണ്ടായിരം കൊല്ലം പഴക്കമുള്ള മൃതശരീരഭാഗങ്ങൾ കണ്ടെത്തി. ഇതേ തുടർന്നുണ്ടായ സംഭവവികാസങ്ങളാണ് സിനിമയുടെ പ്രമേയം. ആളുകൾ അടക്കം പറഞ്ഞു യേശു ഉയിർത്തെഴുന്നേറ്റു എന്നു പറഞ്ഞത് വെറും തട്ടിപ്പായിരുന്നു. ദേ കണ്ടില്ലേ മൃതശരീരത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്തത്. പള്ളികൾ അടച്ചുപൂട്ടി, മിഷനറിമാർ മിഷൻ സ്ഥലങ്ങൾ ഉപേക്ഷിച്ച് സ്വദേശത്തേക്ക് മടങ്ങി, സെമിനാരികൾ നിശാക്ലബ്ബുകളായി, സഭയുടെ അടിത്തറ ഇളകി. കുറെ നാളുകൾ കഴിഞ്ഞപ്പോൾ ഒരു വൃദ്ധൻ ലോകത്തോടായി ഇപ്രകാരം പറഞ്ഞു. കർത്താവായ യേശുവിനെ അടക്കം ചെയ്ത കല്ലറയിൽ രണ്ടായിരം വർഷം പഴക്കമുള്ള ഒരു ഈജിപ്ഷ്യൻ മമ്മിയെ കൊണ്ടിട്ടത് ഞാനായിരുന്നു. എനിയ്ക്ക് തെറ്റുപറ്റി. യേശു സത്യമായും ഉയിർത്തെഴുന്നേറ്റു.

കർത്താവായ യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന അടിസ്ഥാന ശിലമേൽ പണിയപ്പെട്ട വിശ്വാസ സൗധമാണ് സഭ. ആദിമ സഭയുടെ അസ്ഥിത്വത്തിന്റെ അടിത്തറയാണത്, സുവിശേഷീകരണത്തിന്റെ ഹൃദയമാണ്, അപ്പോസ്തോലന്മാരുടെ പ്രബോധനത്തിന്റെ ആത്മാവാണ്. ആ കല്ല് ഇളകിയാൽ സർവ്വതും തകിടം

മറിയുമെന്ന് പൌലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം." (1 കോരി:15:14) അതെ, വിശ്വാസ ജീവിതത്തിന്റെ മൂലക്കല്ലാണ് ക്രിസ്തുവിന്റെ ഉത്ഥാനം.

ക്രിസ്തുമാർഗ്ഗം ലോകത്തിന് സമ്മാനിച്ച ഏറ്റവും സുന്ദരമായ പദമാണ് ഉയിർത്തെഴുന്നേൽപ്പ്. അങ്ങ് ലാറ്റിനമേരിക്കയിൽ ഖനിയിൽ അകപ്പെട്ട തൊഴിലാളികൾ ഏറെ ദിവസം കഴിഞ്ഞ് രക്ഷപ്പെട്ട് പുറത്ത് വന്നപ്പോൾ ലോകം പറഞ്ഞത് അത് അവരുടെ ഉയിർത്തെഴുന്നേൽപ്പായിരുന്നു എന്നാണ്. ഇങ്ങ് കേരളത്തിൽ മത്സ്യബന്ധനത്തിന് പോയി വഞ്ചി തകർന്ന് അഞ്ച് ദിവസം വള്ളത്തിന്റെ പലകയിൽ പിടിച്ചു കിടന്ന് ആരോ രക്ഷപ്പെടുത്തിയവനെക്കുറിച്ചും ജനം പറഞ്ഞു അവന്റേത് ഉയിർത്തെഴുന്നേൽപ്പാണ്. പ്രകൃതിയിലേക്ക് നോക്കുക, എവിടെയും ഉയിർപ്പിന്റെ കിരണങ്ങൾ ദർശിക്കാനാകും. ഇന്നലെ വരെ വറ്റി വരണ്ട് കിടന്ന പുഴ മഴപ്പെയ്ത്തിൽ കരകവിയുന്നത് പുഴയുടെ ഉയിർത്തെഴുന്നേൽപ്പാണ്. ശിരച്ഛേദം ചെയ്യപ്പെട്ട മരങ്ങളും ചെടികളും മഴയ്ക്ക് ശേഷം വീണ്ടും പൊട്ടിക്കിളിർക്കുന്നത് അവയുടെ ഉയിർപ്പാണ്. ഓരോ പ്രഭാതവും ഓരോ തരത്തിൽ ഉയിർത്തെഴുന്നേൽപ്പുകളാണ്. ജീവിതം കുറച്ചുകൂടെ നന്നായി തുടങ്ങാനാകും എന്ന ചിന്തകളോടെ, ഇന്നലത്തെ പിഴവുകൾ തിരുത്താനാവും എന്ന പ്രതീക്ഷകളോടെ ആരംഭിക്കുന്ന പുതിയ ദിനം.

ഉത്ഥിതന്റെ പ്രത്യക്ഷപ്പെടലുകളെല്ലാം മനുഷ്യരുടെ നിസ്സാരതകളെ മാനിച്ച് അവയെ അഭിസംബോധന ചെയ്യുന്നവയാണ്.

കൊറോണ വൈറസ് ലോകത്തെ മുഴുവൻ ഇരുളിലാഴ്ത്തിയ ഈ കാലഘട്ടത്തിൽ ക്രിസ്തുവിന്റെ ഉത്ഥാനം എന്താണ് ദൈവജനത്തോട് വിളിച്ചറിയിക്കുന്നത്?

**കണ്ണുനീരിനെ അഭിസംബോധന ചെയ്യുന്നവനാണ് ഉത്ഥിതൻ (യോഹ. 20:11–18)**

കല്ലറയുടെ പുറത്ത് കരഞ്ഞുകൊണ്ട് നിൽക്കുന്ന മഗ്ദലക്കാരത്തി മറിയയെ തേടി ഉത്ഥിതൻ കടന്നുവരികയാണ്. ക്രിസ്തുവിനെ ആത്മാർത്ഥമായി സ്നേഹിക്കുന്ന മുഴുവൻ ആളുകളുടേയും പ്രതിനിധിയാണവൾ. അവളുടെ കണ്ണുനീരിന് ഒരു കാരണമുണ്ട്. കർത്താവിനെ കാണാൻ സാധിക്കാത്തതിന്റെ ദുഃഖം. അവളുടെ കണ്ണുനീരിനെ അഭിസംബോധന ചെയ്ത് ക്രിസ്തു ചോദിക്കുന്ന ചോദ്യം, സ്ത്രീയേ.. നീ എന്തിനാണ് കരയുന്നത്? ഉത്ഥിതൻ അവൾക്ക് നൽകിയത് ഒരു നിയോഗമാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രഘോഷകയായി ശിഷ്യന്മാരുടെ അടുത്തേക്ക് യാത്ര ചെയ്യുക.

**മാനസിക പ്രക്ഷുബ്ധതയെ അഭിസംബോധന ചെയ്യുന്നവനാണ് ഉത്ഥിതൻ (യോഹ. 20:19–23)**

യഹൂദന്മാരെ ഭയന്ന് കതകുകൾ അടച്ച് അതിനുള്ളിൽ ഇരിക്കുന്ന ശിഷ്യന്മാരുടെ അടുത്തേക്ക് മഹത്വീകരിക്കപ്പെട്ട ശരീരവുമായി കടന്നുവരികയാണ് ഉത്ഥിതൻ. ചുറ്റുപാടുകളുടെ വിവിധങ്ങളായ സമ്മർദ്ദം മാനസികമായി തളർത്തുകയും അസ്വസ്ഥമാക്കുകയും ചെയ്യുന്ന എല്ലാവരുടെയും പ്രതിനിധികളാണവർ. അവരോട് ക്രിസ്തുവിന് പറയാനുള്ളത് സമാധാനം നിങ്ങളോട് കൂടെ എന്നാണ്. മശിഹായുടെ ഉത്ഥാനത്തോടുകൂടി മാത്രം ശിഷ്യന്മാർക്ക് സ്വന്തമാക്കുവാൻ സാധിക്കുന്ന സമാധാനത്തിന്റെ ഒരനുഭവമാണിത്. ഉത്ഥിതന്റെ സാമിപ്യത്താൽ ശിഷ്യരുടെ ഭയവും വൈകാരിക പ്രക്ഷുബ്ധതയും സന്തോഷമായി പരിവർത്തനം ചെയ്യപ്പെട്ടു.

**സന്ദേഹത്തെ അഭിസംബോധന ചെയ്യുന്നവനാണ് ഉത്ഥിതൻ (യോഹ: 20:24 –29)**

യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിൽ സംശയിക്കുന്ന മുഴുവൻ ആളുകളുടെയും പ്രതിനിധിയാണ് ശിഷ്യനായ തോമാസ്. ഉത്ഥിതനെ കണ്ടു വിശ്വസിക്കുവാൻ മറ്റു ശിഷ്യന്മാരോടൊപ്പം തനിക്കും അവകാശമുണ്ടായിരുന്ന ആളാണ് തോമാസ്. ആ ചിന്ത അവനെ നിർബന്ധബുദ്ധിയിലേക്കും – സന്ദേഹത്തിലേക്കും നയിച്ചു. മനുഷ്യന്റെ സംശയങ്ങളും അനശ്ചിതത്വവും വിശ്വാസപ്രഖ്യാപനത്തിന്റെ മുഹൂർത്തമാക്കി മാറ്റുവാൻ ഉത്ഥിതന് മാത്രമേ സാധിക്കൂ. ആദിമസഭയുടെ വിശ്വാസ പ്രഘോഷണത്തിന്റെ വക്താവായി തോമാസ് പരിവർത്തനം ചെയ്യപ്പെട്ടു.

**എതിർ ദിശയിലേക്ക് നടക്കുന്നവരെ അഭിസംബോധന ചെയ്യുന്നവനാണ് ഉത്ഥിതൻ (ലൂക്കോ. 24:13–35 )**

ഉയിർപ്പിന്റെ ദിനം തന്നെ ഉയിർത്തെഴുന്നേൽപ്പിന്റെ വാർത്ത കേട്ടിട്ടും ഉയിർപ്പിന്റെ സ്ഥലമായ യരുശലേമിൽ നിന്നും എമ്മവൂസ്സിലേക്ക് യാത്ര ചെയ്തവരാണ് രണ്ട് പേർ. കൂടെ നടന്ന ക്രിസ്തുവിന്റെ സ്വരം പോലും തിരിച്ചറിയാൻ സാധിക്കാത്ത പ്രയാണവും മാനസികാവസ്ഥയുമായിരുന്നു അവരുടേത്. ക്രിസ്തുവിൽ നിന്നും അകലം പാലിക്കാനുള്ള ശ്രമമായി വ്യാഖ്യാനിക്കാം. അവരുടെ സംസാരത്തിൽ ദുഃഖവും നിരാശയും ഉണ്ട്. ഹൃദയം മന്ദീഭവിച്ചവരാണ്. എതിർ ദിശയിലേക്ക് നടന്നവരെ എതിർക്കാതെ കൂടെ നടക്കുകയാണ് ക്രിസ്തു. മ്ലാനവദരായി യരുശലേം വിട്ടവർക്ക് ലഭിച്ച നിയോഗം

ജ്വലിക്കുന്ന ഹൃദയവുമായി തിരികെ പോവുകയെന്നതാണ് .

**സ്വപ്നങ്ങൾ തകർന്നവരെ അഭിസംബോധന ചെയ്യുന്നവനാണ് ഉത്ഥിതൻ (യോഹ: 21:1–14)**

പത്രോസിന്റെ നേതൃത്വത്തിൽ ഏഴു ശിഷ്യന്മാരുടെ സമൂഹം ക്രിസ്തുവിന് വേണ്ടി ഒരിക്കൽ ഉപേക്ഷിച്ച വഞ്ചിയും വലയും തേടിയിറങ്ങി. ഇനി ജീവിതത്തിന് ഒരു ലക്ഷ്യം മാത്രം. തിബെര്യാസിന്റെ തീരം. അവിടേക്ക് തിരിഞ്ഞു നടന്നതുകൊണ്ട് നഷ്ടപ്പെട്ടത് ശിഷ്യത്വമാണ്. ശിഷ്യത്വം നഷ്ടപ്പെടുത്തുന്ന എല്ലാവരുടെയും പ്രതിനിധികളാണ് ഈ സമൂഹം. ശിഷ്യത്വത്തിൽ നിന്ന് മാറിപ്പോയ അവരുടെ അദ്ധ്വാനം തികച്ചും ഫലശൂന്യമായിരുന്നു. തിരിഞ്ഞു നടന്നവരുടെ സ്വപ്നങ്ങൾ തകർന്നടിഞ്ഞു. തന്നെ ഉപേക്ഷിച്ചു പോയ ശിഷ്യന്മാരെ തേടി ഗുരു എത്തി. രാത്രിയിലെ അലച്ചിലിന്റെയും രാവിലത്തെ സമൃദ്ധിയുടെയും ഒത്ത നടുവിൽ നിൽക്കുന്ന് ഉത്ഥിതൻ സ്വപ്നങ്ങൾ തകർന്നവർക്ക് പ്രഭാത കിരണമാണ്.

കർത്താവിൽ പ്രിയരെ, ഒരു സൂക്ഷ്മാണു പ്രപഞ്ചത്തിൽ സംഹാരതാണ്ഡവമാടിയ കാലഘട്ടത്തിൽ അവശേഷിക്കുന്നത് ഉത്തരം കിട്ടാത്ത കുറെ ചോദ്യങ്ങളാകാം... ഓർമ്മിക്കാൻ ആഗ്രഹിക്കാത്ത ഏതെങ്കിലും സംഭവങ്ങളാകാം... കണ്ണീരിൽ കുതിർന്ന ചില വിടവാങ്ങലുകളാകാം... വിശദീകരിക്കാൻ സാധിക്കാത്ത നിരാശയുടെ അനുഭവമാകാം... ആരംഭത്തിലെ പൊലിഞ്ഞുപോയ ചില സ്വപ്നങ്ങളാകാം... തകിടം മറിഞ്ഞുപോയ കണക്കുകൂട്ടലുകളാകാം... പ്രിയപ്പെട്ടവരിൽ നിന്നും അടർത്തി മാറ്റിയ ഒറ്റപ്പെടലുകളാകാം... മനസ്സിനെ വല്ലാതെ നോവിക്കുന്ന സഹനങ്ങളും സങ്കടങ്ങളുമാവാം... മുന്നോട്ടുള്ള പ്രയാണത്തിന്റെ അനിശ്ചിതത്വമാവാം... ഈസ്റ്റർ ഓർമ്മിപ്പിക്കുന്നു. ഉത്ഥിതനായ ക്രിസ്തു നിന്റെ അരികിൽ തന്നെ ഉണ്ടല്ലോ. കണ്ണ് തുറന്നു നോക്കുക. അവന്റെ സാമിപ്യം നമുക്ക് ഉയിർത്തെഴുന്നേൽപ്പിന്റെ പുലരിയാണ് സമ്മാനിക്കുന്നത്. കളിപ്പാട്ടം വാങ്ങാനാണ് അപ്പനും മകനും സൂപ്പർ മാർക്കറ്റിലെത്തിയത്. എന്തും വാങ്ങാനുള്ള സ്വാതന്ത്ര്യം അപ്പൻ മകന് നൽകി. ബലൂണുകൾ കൊണ്ട് നിർമ്മിച്ച കളിപ്പാട്ടങ്ങൾ ഉള്ള സ്ഥലത്തേക്ക് അവൻ പോയി. അവിടെ കാറ്റ് കൊണ്ട് നിറച്ച ഒരു ഡോൾഫിൻ തല ഉയർത്തി നിൽക്കുന്നു. കൌതുകം തോന്നി അവൻ അതിൽ മുഷ്ടി ചുരുട്ടി ആഞ്ഞിടിച്ചു. ഡോൾഫിൻ മറിഞ്ഞു വീണെങ്കിലും രണ്ട് തവണ ഉയർന്നുതാണ് അത് പൂർവ്വ സ്ഥിതിയിലെത്തി. പിന്മാറാൻ കൂട്ടി തയ്യാറല്ല. അൽപംകൂടി ശക്തി പ്രയോഗിച്ച് വിണ്ടും അവൻ അതിനെ അടിച്ച് താഴെയിടാൻ ശ്രമിച്ചു. പക്ഷേ വീണ്ടും ഉയർന്ന് താണ് നിവർന്നു തന്നെ കളിപ്പാട്ടം നിൽക്കുകയാണ്. അപ്പൻ മകനോട് ചോദിച്ചു എന്തുകൊണ്ടാണ് നീ പലതവണ അടിച്ചു താഴെയിടാൻ ശ്രമിച്ചിട്ടും ആ ഡോൾഫിൻ വീണ്ടും തല ഉയർത്തി നിൽക്കുന്നത്. മകൻ പറഞ്ഞു. ഉത്തരം എനിയ്ക്ക് കൃത്യമായി അറിയില്ല. പക്ഷേ ഒന്നറിയാം, ഞാൻ എത്രമാത്രം അതിനെ അടിച്ചു നിലംപരിചാക്കാൻ ശ്രമിച്ചാലും അതിന്റെ ഉള്ളിൽ അതിനെ എഴുന്നേൽപ്പിച്ചു നിർത്തുന്ന എന്തോ ഒരു ശക്തി ഉണ്ട്.

ഉയിർത്തെഴുന്നേൽക്കാൻ ആഗ്രഹിക്കുന്ന എല്ലാ മനുഷ്യന്റെയുള്ളിലും ഒരു ക്രിസ്തുവുണ്ട്. ഒരു കുഞ്ഞു വൈറസിന്റെ ഭ്രമണ പഥത്തെ ചുറ്റിപ്പറ്റി ലോകം യാത്ര ചെയ്യുന്ന ഈ കാലത്ത് ഉത്ഥിതനായ ക്രിസ്തുവിന്റെ ഭ്രമണപഥത്തെ ചുറ്റിപ്പറ്റിയാകട്ടെ നമ്മുടെ ഇനിയുള്ള യാത്ര. ഇരുളിലായ ലോകത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ഉത്ഥിതനോടൊപ്പമുള്ള യാത്ര വേറിട്ട തീർത്ഥാടാനമാകട്ടെ. ഈ ഉയിർപ്പ് പെരുന്നാൾ ഒരു നവ്യ അനുഭവമാകട്ടെ.

**ഭൂഭവന ദാന പ്രസ്ഥാനം**

(ഭൂഭവനദാനപ്രസ്ഥാനത്തിന്റെ ആരംഭത്തെകുറിച്ച് ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ഓർമ്മകളും കുറിപ്പുകളും എന്ന പുസ്തകത്തിൽനിന്നും)

മാർത്തോമ്മാസഭയിൽ മെത്രാപ്പോലീത്തായ്ക്കും മെത്രാച്ചന്മാർക്കും താമസിക്കുന്നതിന് സാധാരണ സൗകര്യമുള്ള വീടുകൾ വേണം എന്നുള്ള ആഗ്രഹം ന്യായമായിട്ടുള്ളതാണ്. തിരുവല്ലായിൽ മെത്രാപ്പോലീത്തായ്ക്കു താമസിക്കുന്നതിനായി പണിയിച്ച് പൂലാത്തീൻ, കുറെ അധികപ്പറ്റായിപ്പോയില്ലേ എന്നു ചിന്തിക്കുന്ന ആളാണു ഞാൻ. അതുകൊണ്ട് അതിൽ പ്രവേശിക്കുന്നതിനു മുമ്പായി ദാരിദ്ര്യം അനുഭവിക്കുന്ന ഒരു ഹിന്ദുകുടുംബത്തിനു ഒരു വീട് ഉണ്ടാക്കിക്കൊടുക്കുന്നതിനു കുറെ പണം കൊടുക്കുന്നതിനു ഞാൻ ആഗ്രഹിച്ചു. അപ്പോളാണ് സിംഗപ്പൂരിൽ ഉണ്ടായിരുന്ന എന്റെ ഒരു അനന്തരവൾ എനിക്ക് ആയിരം രൂപാ എന്റെ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാനായി തന്നത്. ആ പണം ഭവനദാനപ്രസ്ഥാനത്തിനായി ഞാൻ കലമണ്ണിലച്ചനെ ഏല്പിച്ചു. ക്ഷയരോഗിയായ ഒരു ഹിന്ദുവിന്റെ കുടുംബത്തിനു വീട് ഉണ്ടാക്കിക്കൊടുത്തു. ആ നാട്ടുകാരായ ഹിന്ദുക്കളും ക്രിസ്ത്യാനികളും ആ ഭവനനിർമാണത്തിൽ സഹായിച്ചു. എന്റെ എഴുപത്തഞ്ചാം ജന്മദിനത്തോടനുബന്ധിച്ച് ഇടവകയായോ സഭയായോ 75 വീടുകളോ, ഭൂസ്വത്തില്ലാത്തവർക്ക് അഞ്ചു സെന്റ് ഭൂമിയെങ്കിലുമോ കൊടുക്കണമെന്നു തീരുമാനം എടുത്തത് സന്തോഷം നൽകുന്നു.

“

മൃഗീയ ഭൂരിപക്ഷമുണ്ട് എന്നതിന്റെ പേരിൽ സമരങ്ങളോടുള്ള പുച്ഛമായ പ്രതികരണവും അടിച്ചമർത്തുമെന്നുള്ള ധാർഷ്ട്യവും ഒരു ജനാധിപത്യ സർക്കാരിന് ചേർന്നതല്ല.

മണ്ണും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ വിവരണം വിശുദ്ധ വേദപുസ്തകം കൈകാര്യം ചെയ്യുന്നു. ദൈവം ദാനമായി നൽകിയ തോട്ടത്തിലെ സമൃദ്ധമായ ജീവന്റെ ആഘോഷമാണ് വേദപുസ്തകത്തിന്റെ ആരംഭത്തിലും അവസാനത്തിലും വിവരിച്ചിരിക്കുന്നത് (ഉല്പ.2, വെളി. 22). യിസ്രായേൽ ജനത്തിന്റെ ചരിത്രത്തിലും അവരുടെ സ്വത്വ നിർമ്മിതിയിലും ഭൂമിക്ക് വലിയ സ്ഥാനമുണ്ട്. ദൈവത്തിന്റെ ദാനമായ ഭൂമി ദൈവത്തിന്റെ ഉടമസ്ഥതയിലാണെന്നും മനുഷ്യന് ഭൂമിയുടെമേൽ ഗൗരവമായ കാര്യവിചാരകത്വം ഉണ്ടെന്നും ദൈവജനം മനസ്സിലാക്കിയിരുന്നു. തോട്ടത്തിൽ വേല ചെയ്യാനും അതിനെ കാപ്പാനുമുള്ള ഉത്തരവാദിത്തം വിശ്വസ്തമായി നിർവഹിക്കപ്പെടുമ്പോൾ സൃഷ്ടിയുടെ സൗന്ദര്യം നിലനിർത്താൻ സാധിക്കും. മാത്രമല്ല ഭൂമിയിൽ അദ്ധ്വാനിച്ച് ഉപജീവിക്കുന്നതിനും മനുഷ്യനെ ദൈവം നിയോഗിച്ചിരിക്കുന്നു. മനുഷ്യന്റെ അദ്ധ്വാനവും ദൈവകൃപയും ഒത്തുചേരുമ്പോൾ ഭൂമി അതിന്റെ വിളവ് നൽകുന്നു. പച്ചപ്പും ഫലഭൂയിഷ്ഠതയും സമൃദ്ധമായ ജീവന്റെ തുടിപ്പുകൾ സമ്മാനിക്കുന്നു.



റവ. മാത്യു ചാക്കോ
വെസ്റ്റ് കല്ലട

# കർഷകസമരം
## മനുഷ്യാന്തസ്സ് നിലനിർത്തുന്നതിനായുള്ള പോരാട്ടം



എല്ലാവർക്കും ഈ ഭൂമിയിൽ അന്തസ്സോടെ ജീവിക്കുന്നതിനുള്ള അവകാശമുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അന്തസ്സോടെ ജീവിക്കുന്നതിന് സ്വന്തമായി അല്പം മണ്ണും ഒരു പാർപ്പിടവും ഉപജീവനമാർഗ്ഗവും അനിവാര്യമാണ്. ഈ അടിസ്ഥാന അവകാശങ്ങൾ എല്ലാവർക്കും ലഭ്യമാകുന്നതിനായി അശ്രാന്തപരിശ്രമം ചെയ്യേണ്ട സമൂഹമാണ് സഭ. നമ്മുടെ സാമൂഹ്യരാഷ്ട്രീയ ഇടങ്ങളിൽ വിപ്ലവാത്മക മാറ്റങ്ങൾ സൃഷ്ടിച്ച സഭയുടെ ഭൂഭവന ദാന പ്രസ്ഥാനം നമുക്ക് ഏറെ അഭിമാനകരമാണ്. ഇതിന്റെ ഉദ്ദേശ്യസാഫല്യം ഇന്നിന്റെ പശ്ചാത്തലത്തിൽ തുടർന്നുകൊണ്ടേയിരിക്കുന്ന യത്നങ്ങളിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. കാലോചിതമായ ഇടപെടലുകളും നിലപാടുകളും തീരുമാനങ്ങളും സഭ സ്വീകരിക്കുമ്പോൾ അന്തസ്സോടെ എല്ലാവർക്കും ജീവിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കപ്പെടും.

നൂറ് ദിനങ്ങൾ പിന്നിട്ട കർഷക സമരം നമ്മുടെ അടിയന്തര പ്രതികരണം ആവശ്യപ്പെടുന്നു. പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കി രാജ്യത്ത് നിയമമായി നിലവിൽ വന്ന മൂന്ന് കാർഷിക ബില്ലുകൾ ഇതിനോടകം ഏറെ ചർച്ച ചെയ്യപ്പെട്ടുകഴിഞ്ഞു. വ്യത്യസ്ത പ്രതികരണങ്ങൾ രാജ്യത്തിന്റെ വിവിധ മേഖലകളിൽ നിന്ന് ഇതിനോടകം ഉണ്ടായിട്ടുണ്ട്. പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിലെ ജനങ്ങൾ ഒന്നടങ്കം ഈ സമരത്തെ നെഞ്ചിലേറ്റിയവരാണ്. രാഷ്ട്രീയ മേഖലയിൽ ശിരോമണി അകാലിദാൾ എൻ.ഡി.എ യുമായുള്ള ബന്ധം ഉപേക്ഷിക്കുകയും ഹർസിമ്രത് കൗർ ബാദൽ ഭക്ഷ്യസംസ്കരണ മന്ത്രിസ്ഥാനം രാജിവെയ്ക്കുകയും ചെയ്തു. പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും വൃദ്ധജനങ്ങളുമെല്ലാം സമരത്തിൽ പങ്കെടുത്തു. കേന്ദ്രസർക്കാർ പാസ്സാക്കിയ കാർഷിക നിയമങ്ങൾ പിൻവലിക്കാതെ സമരത്തിൽ നിന്നും പിന്മാറില്ല എന്നുള്ള ഉറച്ച തീരുമാനത്തിലാണ് കർഷകർ. പ്രഥമദൃഷ്ട്യാ നല്ലതാണെന്ന് തോന്നുമെങ്കിലും പുതിയ കാർഷിക നിയമങ്ങളുടെ ദോഷവശങ്ങളെക്കുറിച്ച് കർഷകർക്ക് നല്ല വ്യക്തതയുണ്ട്. ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനച്ചെലവ് കണക്കാക്കി അതിൽ കുറയാത്ത വില കർഷകർക്ക് ലഭിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെയാണ് മിനിമം താങ്ങുവില ഏർപ്പെടുത്തിയിരിക്കുന്നത്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ കർഷകരിൽനിന്നും ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുകയും ആവശ്യാനുസരണം അവ കമ്പോളത്തിൽ വിതരണത്തിനായി നൽകുകയും ചെയ്യും. സ്വകാര്യ കമ്പനികൾക്ക് അവശ്യസാധനങ്ങൾ ശേഖരിക്കുന്നതിന് ഒരു പരിധി നിശ്ചയിച്ചിട്ടുണ്ട്. കാർഷിക ബില്ലുകൾ നമ്മുടെ രാജ്യത്ത് നടപ്പിലാകുമ്പോൾ ഈ അവസ്ഥയ്ക്ക് മാറ്റം വരുന്നു. ഓപ്പൺ മാർക്കറ്റ് യാഥാർത്ഥ്യമാകുന്നതോടെ മിനിമം താങ്ങുവിലയും ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും സാവധാനം അപ്രത്യക്ഷമാവും. ഭക്ഷ്യവസ്തുക്കൾ യാതൊരു നിയന്ത്രണവുമില്ലാതെ ശേഖരിക്കുന്നതിന് ബഹുരാഷ്ട്ര കുത്തകകൾക്ക് അവസരം ഒരുങ്ങുന്നു. മാത്രമല്ല കർഷകരുമായി കരാറിൽ ഏർപ്പെടുവാൻ സ്വകാര്യ കമ്പനികൾക്ക് അനുവാദം ഉണ്ടാകുമ്പോൾ വില നിശ്ചയിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ഈ സ്വകാര്യ കമ്പനികൾക്ക് ലഭിക്കുന്നു. കരാറിൽ ഏർപ്പെട്ട കമ്പനിയുമായി അവർ നിശ്ചയിക്കുന്ന വിലയ്ക്ക് വിളകൾ നൽകുവാൻ കർഷകൻ നിർബന്ധിതനാകും.

5 ഏക്കറിൽ താഴെ കൃഷിഭൂമിയുള്ള രാജ്യത്തെ ഭൂരിഭാഗം കർഷകരും സ്വകാര്യ കുത്തകകൾക്ക് മുന്നിൽ തങ്ങളുടെ ജീവിതം അടിയറ വെക്കേണ്ടതായി വരുന്നു. നാം എത്തി നിൽക്കുന്ന ഈ സാഹചര്യത്തിൽ ചില ചരിത്രസത്യങ്ങളുടെ അടിസ്ഥാനത്തിൽ ഭാവിയിലേക്ക് ഒരു എത്തിനോട്ടം നടത്തേണ്ടത് ആവശ്യമാണ്.

കോളോണിയൽ കാലഘട്ടത്തിൽ ബംഗാൾ,. ബീഹാർ, ഒറീസ്സാ എന്നീ സംസ്ഥാനങ്ങളിലെ കൃഷിക്കാരുടെ മേൽ ബ്രിട്ടീഷുകാർ നികുതി ചുമത്തി. അക്കാലത്തെ ഒരു പ്രശസ്ത എഴുത്തുകാരനായിരുന്ന ആർ.പി.ദത്ത് പറയുന്നത് ബ്രിട്ടീഷുകാർ ഇന്ത്യയിലെ കൃഷിക്കാരിൽനിന്ന് നികുതി പിരിവ് ആരംഭിച്ച് പത്ത് വർഷത്തിനുള്ളിൽ ബ്രിട്ടനിൽ വ്യവസായ വിപ്ലവം ആരംഭിച്ചുവെന്നാണ്. ബ്രിട്ടനിലെ വ്യവസായ വിപ്ലവത്തിന് ആവശ്യമായ മൂലധനം അവർ സമാഹരിച്ചത് ഇന്ത്യയിലെ പാവപ്പെട്ട കൃഷിക്കാരെ ചൂഷണം ചെയ്ത് പിരിച്ചെടുത്ത നികുതിയിൽ നിന്നായിരുന്നു. കഠിനമായ ചൂഷണവ്യവസ്ഥയിലൂടെ കടന്ന് പോയപ്പോൾ ഇന്ത്യയിലെ കൃഷിക്കാർക്ക് കൃഷിയിലുള്ള ഉത്സാഹം ഇല്ലാതെയായി. തത്ഫലമായി രാജ്യത്ത് കാർഷികോത്പാദനം കുറയുകയും ക്ഷാമങ്ങൾ രൂപപ്പെടുകയും ചെയ്തു. ഈ ക്ഷാമങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾ മരിച്ചുവീണു. കോർപ്പറേറ്റ് താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നമ്മുടെ രാജ്യത്തെ കർഷകർ ഇന്ന് പുതിയൊരു ചൂഷണവ്യവസ്ഥയിലൂടെ കടന്നുപോകേണ്ടതായി വരുമ്പോൾ ഒരു ക്ഷാമകാലം അതിവിദൂരമല്ല എന്ന് നാം മനസ്സിലാക്കണം.

ബംഗാൾ ക്ഷാമത്തെപ്പറ്റി അമർത്യാസെൻ പറയുന്ന കാര്യങ്ങൾ നമ്മൾ ഗൗരവമായി പരിഗണിക്കേണ്ടതായുണ്ട്. ബംഗാൾ ക്ഷാമത്തിന്റെ കാരണത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ എത്തിച്ചത്

ക്ഷാമത്തിന്റെ കാരണം വിഭവങ്ങളുടെ ദൗർലഭ്യമല്ല. മറിച്ച് വിഭവങ്ങളുടെ നീതിപൂർവ്വമായ വിതരണത്തിനുള്ള സംവിധാനം ഇല്ലാതെപോയി എന്നുള്ളതാണ്. അങ്ങനെയാണ് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ നിലവിൽ വന്നത്. പൊതുവിതരണ സംവിധാനം സാധ്യമാകുന്നത് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലൂടെ ഭക്ഷ്യസാധനങ്ങൾ ശേഖരിച്ചും വിതരണം നടത്തിയുമാണ്. അവശ്യവസ്തുക്കളുടെ ശേഖരണം നിയന്ത്രണവിധേയമല്ലാതാകുന്നതോടെ സ്വകാരന്യകമ്പനികൾ ലാഭക്കൊതി മാത്രം മുൻനിറുത്തി ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്യും. നീതിപുർവ്വമായ വിതരണം സാധ്യമല്ലാതാകുന്ന ഒരു സാഹചര്യത്തെയാണ് ഇത് സൃഷ്ടിക്കുന്നത്. പൊതുവിതരണ സമ്പ്രദായത്തെ ഈ മാറ്റം ബാധിക്കുകയും തന്മൂലം എല്ലാവർക്കും ഭക്ഷ്യസാധനങ്ങൾ ഉറപ്പ് വരുത്തുന്ന സ്ഥിതി മാറുകയും ചെയ്യും. വിലക്കയറ്റത്തിനുള്ള സാധ്യതയും ഏറെയാണ്. രാജ്യത്തെ പാവപ്പെട്ട ആളുകളെയാണ് ഇത് സാരമായി ബാധിക്കുന്നത്. ഇന്ന് മൂന്ന് നേരം ആഹാരം കഴിക്കുന്നവർ അത് രണ്ടോ ഒരു നേരമായോ ചുരുക്കേണ്ടതായി വരും. എല്ലായ്പ്പോഴും ദരിദ്രർ തന്നെയാണ് ഇരകളാക്കപ്പെടുന്നത്.

കർഷകർ നാടിന്റെ നട്ടെല്ല് തന്നെയാണ്. കർഷകരുടെ ജീവിതം വളരെ ദുരിതപൂർണ്ണമായിക്കൊണ്ടിരിക്കുന്നു. കർഷക കുടുംബങ്ങളിൽ നിന്നും ഉയർന്ന വിദ്യാഭ്യാസം നേടിയ കുഞ്ഞുങ്ങൾ തൊഴിൽ തേടി പട്ടണങ്ങളിൽ പോയി. എന്നാൽ കുറഞ്ഞ ശമ്പളത്തിൽ നഗരത്തിൽ ജോലി ചെയ്യേണ്ടി വന്ന ഇവർക്ക് നഗരത്തിലെ ജീവിതചെലവുകൾ വഹിക്കാൻ കഴിയാതെയായി. അപ്പോൾ അവർ സ്വന്തം ഗ്രാമത്തിൽ മടങ്ങിയെത്തി അവിടെ കൃഷിയിലേർപ്പെട്ടു. സാമ്പത്തിക ശാസ്ത്രജ്ഞർ ഇതിനെ Return Migration എന്ന് വിളിക്കുന്നു. എന്നാൽ കൃഷിയിലേർപ്പെട്ട യുവാക്കൾ ഇന്ന് നാം കാണുന്ന പ്രതിസന്ധികളെല്ലാം അഭിമുഖീകരിക്കേണ്ടതായി വന്നു. കർഷക ആത്മഹത്യകളുടെ തലസ്ഥാനമായി ഇന്ത്യ മാറുമെന്ന് പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ പി.സി. ബോധ് പറഞ്ഞതിൽ ഒട്ടും അതിശയോക്തി ഇല്ല. സാമൂഹ്യ-രാഷ്ട്രീയ നിഷ്ക്രിയത്വവും രാജ്യത്തെത്തന്നെ അന്നമൂട്ടുന്ന ഈ ഭക്ഷ്യ സൈനീകരുടെ മാനസിക വേദനകളോടുള്ള ഭയാനകമായ നിസ്സംഗതയുമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത് എന്നുള്ള ബോധിന്റെ ആരോപണം എത്രയോ ശരിയാണ്. മൃഗീയ ഭൂരിപക്ഷമുണ്ട് എന്നതിന്റെ പേരിൽ സമരങ്ങളോടുള്ള പുച്ഛമായ പ്രതികരണവും അടിച്ചമർത്തുമെന്നുള്ള ധാർഷ്ഠ്യവും ഒരു ജനാധിപത്യ സർക്കാരിന് ചേർന്നതല്ല. ജീവിത ഇടങ്ങളും ഉപജീവന മാർഗ്ഗവും നഷ്ടമാകുന്നത് ഒരു സമൂഹത്തിന്റെ തന്നെ അധഃപതനമാണ്. കർഷകരുടെ അന്തസ്സ് വീണ്ടെടുക്കുന്നതിനായി നമ്മൾ പ്രതിജ്ഞാബദ്ധരാണ്. ജീവന്റെ നിലനിൽപ്പിന് വേണ്ടി പോരാടുന്നവരോടും ഇരകളാക്കപ്പെടുന്നവരോടും പക്ഷം ചേരുന്നവനാണ് ദൈവം. ഈ തിരിച്ചറിവോടെ നമുക്കും ഈ പോരാട്ടത്തിൽ അണിചേരാം.


## മാർത്തോമ്മാ ഗുരുകുലം

**മണക്കാല പി.ഓ. അടൂർ – 691 552**

**ഫോൺ: +91 9562626010, 04734 227111**

"സമർപ്പിതർക്കായുള്ള ഭവനം" സുവിശേഷവേലയ്ക്കായി സമർപ്പിക്കപ്പെട്ട കുഞ്ഞുങ്ങളെ ഒന്നിച്ച് താമസിപ്പിച്ച് പരിശീലിപ്പിക്കുന്ന പാഠശാലയാണ് മാർത്തോമ്മാ ഗുരുകുലം. സ്കൂൾ പാഠ്യവിഷയത്തോടൊപ്പം, വേദപുസ്തക - സഭാചരിത്രം, ധ്യാനം, പ്രാർത്ഥന, പ്രസംഗം എന്നിവയുടെ പരിശീലനവും ഇതരപഠനങ്ങളും നടക്കുന്നു. പുതിയ അദ്ധ്യയന വർഷത്തെ പ്രവേശനം ആരംഭിച്ചു. 8 - ാം ക്ലാസ്സിലേക്ക് പ്രവേശിക്കുന്നവർക്കാണ് പ്രവേശനം നൽകുന്നത്. ആഗ്രഹിക്കുന്നവർ ഗുരുകുലം ഓഫീസുമായി ബന്ധപ്പെടുക.

**റവ. ഐസക് മാത്യു** (ഡയറക്ടർ, മാർത്തോമ്മാ ഗുരുകുലം)

## ഭദ്രാസനത്തിൽ നിന്നും ഈ വർഷം ട്രാൻസ്ഫർ ആകുന്ന വൈദീകർ

| No. | Name | Present Parish | Transfer to |
|---|---|---|---|
| 1 | Rev. Issac Mathew | Gurukulam Manakkala<br>Elampallil Ebenezer<br>Anthichira St. Johns | Dayara Punaloor |
| 2 | Rev. Johnson C. Jacob | Vettiyar Salem | Aluva St.Thomasa |
| 3 | Rev. Mathew P. Thomas | Angadickal Salem | Elanthoor Salem |
| 4 | Rev. Prince Vargese | Thazhava MTC<br>Patharam St. Thomas | Kalewadi |
| 5 | Rev. Sam T. Panicker | Kattanam St. Thomas | Santhipuram/Koothrappally |
| 6 | Rev. Dr. Sham P. Thomas | Enathu MTC | Elamkulam Salem |
| 7 | Rev. Shibu Mathew | Bishop's Secretary<br>Moonnalam St. Thomas | Kottayam Jerusalem |
| 8 | Rev. Jacob John | Al- Ain MTC | Ayur Salem |
| 9 | Rev. Johnson Mathew (Kottanadu) | Adminstrator (St. Thomas Mission Hospital Kattanam) | Overseas (US) |
| 10 | Rev. Y. Alex | Kunnida St. Thomas<br>Paracode Immanuel | Overseas (US) |
| 11 | Rev. Ajith K. Thomas | Vathikulam St. Paul's<br>Vathikularn Bathel | Overseas (US) |
| 12 | Rev. George Varghese | Mannady MTC<br>Mannady St. Thomas | Overseas (US) |
| 13 | Rev. John T. Thomas | Piravanthoor St. Thomas<br>Chempanaruvi | Overseas (Newzeland) |
| 14 | Rev. Reji Yohannan | Chooracodu St. Mathews<br>Thuvayoor St. Peter's | Overseas(US) |
| 15 | Rev. Saju Samuel C. | Thevelakkara Valiyapally | Overseas (US) |
| 16 | Rev. Sam Lukose | Ayanivelikulangara Bathel<br>Kallelibhagom Salem | Overseas(US) |
| 17 | Rev. Sunil Chacko | Thevelakkara Immanuel | Overseas(Canada) |
| 18 | Rev. Roji M. Abraham | Elikattoor Zion | Overseas (Canada) |
| 19 | Rev. P. J. Thomas | Kottanelloor Salem<br>Kottara St. Paul's | Overseas(Al-Ain) |
| 20 | Rev. John Mathew (Peringaloor) | Sooranadu Immanuel<br>Poruvazhy Bethel | Ponnumangalam |
| 21 | Rev. C. Joseph | Puthuval St. Thomas | Retired |
| 22 | Rev. V. Kunjukoshy | Kannamcode MTC | Retired |
| 23 | Rev. Varghese George | Kalayapuram Salem | Retired |

## ഭദ്രാസന കൺവെൻഷനും അഭിനവ മെത്രാപ്പോലീത്തയ്ക്ക് സ്വീകരണവും






## കുടുംബ സംഗമം 2021 ജനുവരി 26






**അടൂർ ഭദ്രാസന കുടുംബ ദൃഢീകരണ വർഷത്തിന്റെ ഭാഗമായി ഇടവകകളിൽ നടത്തപ്പെട്ട Golden Cuples നെ ആദരിക്കൽ...**






































## പട്ടംകൊട ശുശ്രൂഷ



Rev. Blesson Philip Thomas, Rev. Ritto Reji, Rev. Nikith P. Sam - Enathu




Rev. Anix Johnson - Elikkattoor



Rev. Jayan Joy Varghese Thannikkathara, Rev. Teni Thomas - Pallickal









# As We Begin Again!



**Dr. Susan Mathew**
Asst. Prof. Department of English
CMS College, Kottayam

> “
> As the great teacher ‘Kunjunni mash’ once said: vayichalum valarum,vayichillenkilum valarum, vayichal vilayum, vayichillenkil valayum. The teachers and your friends could help you achieve this goal into shaping your thinking capacity through books.

An unending long wait has finally drawn nigh, as we hope to enter into the wide open gates of our schools. What a thrilling moment and a comfort for each one of us! We begin again with new hopes and new dreams, as we whole heartedly welcome the new academic year amidst the harsh realities of the pandemic period. Aren’t we all waiting to sit on those benches, laze around with friends, glance at the boards, chitchat with our beloved teachers and everything that was dearly missed the past one year. This uncertain period permitted us to walk on a road that was less travelled. Indeed with His abundant grace we sailed through it all.

School is yet another home were character is moulded, an individual is pruned before he or she steps out into the outside world. The cocoon is finally broken for you to fly high and view the actual world. School education is not only of knowledge imparting, but also to attain a social development through interaction with peers. This combination of intellectual and social growth nurtures us into a better citizen. School is the stepping stone to life in order to inculcate values. Values were one can differentiate right from wrong. The pandemic period was indeed an eye opener to individuals and families to see those values that we otherwise took for granted. Friendships grew strong, family bonds tightened, health mattered, indeed a blessing in disguise. But to have stayed away, locked up in your homes was a painful process.

Education is the most important factor to an individual’s growth. Higher studies may not be the final aim for many, yet basic education is mandatory. This basic step is the essence of school education. After 12 years of systematic studies, choice is left to the individual according to their interest. Apart from intellectual growth, physical

and mental development; a wholesome learning is achieved through school education. A child is put through discussions and also given room to positive competitive spirit. The cultural and sports activities in schools are an added advantage for their development. The basic discipline is set at home and improvised and stabilized in his early education. Self-discipline, self-motivation would eventually lead one to self- confidence. This self-confidence is an essential booster before they fly out. A child can be vulnerable in his age and repeatedly make mistakes. The early education helps the child to overcome such situations and to concentrate on the 'rights' from the 'nos'. This maturity and ability to face life is unknowingly induced into them as part of their growing up in schools.

As a student, along with the systematic education it is very important that we engage ourselves and self-motivate us in doing things that interest us. Unless this becomes a constant habit, life will never be fun rather lifeless. There are umpteen numbers of interests or activities that one could take up. Remember to be constant in what you are doing and not waver and run away from it. Reading should be one activity that should interest every child. This has to start young. When reading becomes a natural habit, your mind processes and you start viewing the topics in various angles. Language accuracy and fluency too would become part of the reading. The knowledge is developed. So in total, reading helps a person to grow in all matters.

As the great teacher 'Kunjunni mash' once said: vayichalum valarum, vayichillenkilum valarum, vayichal vilayum, vayichillenkil valayum. The teachers and your friends could help you achieve this goal into shaping your thinking capacity through books. Reading the word of God will help you in your spiritual growth too. Do not deny the Bible, as for those living words are enough to quench your thirst and calm your hunger. We have survived in spite of all the problems that we faced. Big thanks to God for sustaining us throughout this difficult journey. We fought the virus, the disease, and the constraints and continue to do so, hiding ourselves under the 'masked' protection. Let us continue to fight and succeed in every adverse steps of our life with the blessing from our Heavenly Father. "Take the first step in faith. You don't have to see the whole staircase, just take the first step." Martin Luther King Jr. Best wishes dear children for a new beginning as we begin again!

## വൈദിക കുടുംബ സംഗമം

**അടൂർ ഭദ്രാസനത്തിലെ വൈദികരുടെ കുടുംബസംഗമവും ഭദ്രാസനത്തിൽ നിന്ന് സ്ഥലം മാറി പോകുന്ന വൈദികരുടെ യാത്രയയപ്പും 2021 ഏപ്രിൽ 14 ബുധനാഴ്ച്ച 4 മണി മുതൽ അടൂർ EMTM Spirituality Centre ൽ വച്ച് നടത്തപ്പെടുന്നതാണ്**

## മലങ്കര മാർത്തോമ്മാ സുറിയാനി സഭ
## അടൂർ ഭദ്രാസനം

**അടൂർ ഭദ്രാസനത്തിന്റെ ഭദ്രാസന അസംബ്ലി മീറ്റിംഗ് 2021 ഏപ്രിൽ 10 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ ഈശോ മാർ തിമോഥിയോസ് ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നതാണ്**



# ഓൺലൈൻ പഠനം
## സാധ്യതയും പരിമിതിയും

രേഷ്മ റ്റി. വർഗീസ്, കുളക്കട

> “എന്ത് പഠിക്കുന്നു എന്നതിലല്ല, എത്രമാത്രം കുട്ടികൾ ഉൾക്കൊള്ളുന്നു” എന്നതിലാണ് പഠനത്തിന്റെ സാധ്യത. അവിടെയാണ് ക്ലാസ്സ് മുറിയിലെ ചിന്താപഠനത്തിൽ കുട്ടികൾ കണ്ടെത്തുന്ന മാനസിക ഉല്ലാസം ഇന്ന് ലഭിക്കുന്നില്ല എന്നത് നാം തിരിച്ചറിയുന്നത്.

വ്യക്തിത്വവികസനത്തിന്റെയും സാമൂഹികവത്ക്കരണത്തിന്റെയും അടിത്തറ രൂപപ്പെടുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് മാറ്റിനിർത്താൻ കഴിയാത്ത ഒന്നാണ്. മാറിവരുന്ന ജീവിതസാഹചര്യങ്ങളിലൂടെയും ജീവിതരീതിയിലൂടെയും ‘പഠനം’ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായതും, ക്ലാസ്സ് മുറിക്കുള്ളിൽനിന്ന് കൈക്കുള്ളിലെ മൊബൈൽ ഫോണിലേക്ക് വഴിമാറിയതും ഒരു സൂക്ഷ്മ അണുവിന്റെ അതിപ്രവാഹത്തിന്റെ തുടർക്കഥയായി നിലനിൽക്കുന്നു. ഗുരുകുല സമ്പ്രദായത്തിന്റെ അനുഭവപഠനത്തിൽനിന്നും ക്ലാസ്സ് മുറിയിലെ ചിന്താപഠനത്തിലേക്കും തുടർന്ന് സാങ്കേതിക വിദ്യ അധിഷ്ഠിത പഠനത്തിലേക്കും എത്തിനിൽക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ മൂല്യങ്ങൾ എത്രത്തോളം കുട്ടികളെ സ്വാധീനിക്കുന്നു എന്നത് ഒരു ചോദ്യചിഹ്നം ആയി മാറുന്നു.

വിദ്യാഭ്യാസം ‘സാങ്കേതികവിദ്യ’ എന്ന ചട്ടക്കൂട്ടിലേക്ക് മാറ്റപ്പെട്ടപ്പോൾ ആ ചട്ടക്കൂടിന്റെ ഓവിലൂടെ പ്രതീക്ഷയുടെ തിരിനാളം തെളിയിക്കുവാൻ സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ കൊതിക്കുന്നു എന്നത് പ്രസക്തമാണ്. ഭാവിയിൽ ചരിത്രത്തിൽ രേഖപ്പെടുത്താവുന്ന ഈ കാലഘട്ടത്തിൽ കുട്ടികളെ സ്വയം പര്യാപ്തമാക്കാൻ തുടങ്ങിയ ഓൺലൈൻ വിദ്യാഭ്യാസം അതിന്റെ നേരോടെ മുന്നോട്ടുപോകുന്ന ഈ കാലയളവിൽ സാങ്കേതികവിദ്യയുടെ ഉപയോഗങ്ങളും അതിന്റെ പ്രവർത്തനങ്ങളും ചെറുപ്രായത്തിൽതന്നെ

കുട്ടികൾക്ക് സ്വായത്തമാക്കാൻ കഴിഞ്ഞു. അതിനുമപ്പുറമായി കൂടുതൽ വിവരങ്ങൾ അന്വേഷിച്ചു കണ്ടെത്താനും, സ്വന്തമായി പഠനം സാധ്യമാക്കാനും തന്റേതായ രീതിയിൽ അറിവുകൾ നേടി മുന്നോട്ടുപോകാനുള്ള കുട്ടികളുടെ കഴിവിനെ രൂപപ്പെടുത്തിയെടുക്കുന്നതിലൂടെ പുസ്തകങ്ങളിൽ മാത്രം ഒതുങ്ങുന്ന നമ്മുടെ പഠനരീതിക്ക് മാറ്റം ഉണ്ടായി. സ്കൂൾ, ട്യൂഷൻ എന്നിവിടങ്ങളിൽ കൂടുതൽ സമയം ചെലവഴിച്ച കുട്ടികൾ തന്റെ കലാവാസനയും, പ്രകൃതിയോടുള്ള സമീപനവും, പാരിസ്ഥിതിക ഉൾക്കാഴ്ചയും നഷ്ടപ്പെട്ടുപോയ കാലത്തിൽനിന്നും ഇന്ന് തന്റെ പറമ്പിൽ പച്ചക്കറി നട്ടും, ഒഴിവുസമയങ്ങൾ പ്രയോജനപ്പെടുത്തിയും, കലാവാസന വളർത്തിയും പരിസ്ഥിതിയെ അറിഞ്ഞും അറിവും ആനന്ദവും കണ്ടെത്തുന്നു. ഇവിടെയെല്ലാം മാറുന്ന സാഹചര്യം നിലനിൽക്കുന്ന നന്മയിലേക്കുള്ള വെളിച്ചം തേടുന്നു എന്നത് വിശ്വസനീയമാണ്. "എന്ത് പഠിക്കുന്നു എന്നതിലല്ല, എത്രമാത്രം കുട്ടികൾ ഉൾക്കൊള്ളുന്നു" എന്നതിലാണ് പഠനത്തിന്റെ സാധ്യത. അവിടെയാണ് ക്ലാസ്സ് മുറിയിലെ ചിന്താപഠനത്തിൽ കുട്ടികൾ കണ്ടെത്തുന്ന മാനസിക ഉല്ലാസം ഇന്ന് ലഭിക്കുന്നില്ല എന്നത് നാം തിരിച്ചറിയുന്നത്. എല്ലാ ചിന്തകൾക്കും മറുചിന്തകൾ രൂപപ്പെടുന്നതുപോലെ എല്ലാ ആശയങ്ങൾക്കും രണ്ടുതലങ്ങൾ കാണുന്നതുപോലെ പരിധിക്കപ്പുറമായി സാധ്യതകൾ ഉപയോഗിച്ചുതുടങ്ങി. ദൃശ്യമാധ്യമത്തിന്റെ അതിയായ ക്രയവിക്രയങ്ങളിലൂടെ കുട്ടികൾ ആ മായാവലയത്തിൽ അകപ്പെട്ടുപോകുന്നു എന്നത് നാം കണ്ടുകൊണ്ടും, കേട്ടുകൊണ്ടും, വായിച്ചുകൊണ്ടുമിരിക്കുന്ന യാഥാർത്ഥ്യമാണ്. പഠനസമയങ്ങളിൽ വരുന്ന നോട്ടിഫിക്കേഷനുകളും, ഓൺലൈൻ ഗെയിംസും കുട്ടികളുടെ പഠനത്തിലുള്ള ശ്രദ്ധയും തീവ്രതയും നഷ്ടപ്പെടുത്തുകയും തന്റെ കയ്യിൽ കിട്ടിയ കളിപ്പാട്ടം പോലെ ഇതിനെ കൈപ്പിടിയിൽ ഒതുക്കാമെന്നു കരുതുകയും ചെയ്യുന്നതുമൂലം കുട്ടികൾ മാനസിക പിരിമുറുക്കത്തിലേക്ക് വഴുതിവീഴുകയും ഇത് പിന്നീട് ആത്മഹത്യയിലേക്ക് വരെ എത്തിക്കുകയും ചെയ്യുന്നു.

മറുവശത്ത് ഡിവൈസുകളുടെ ലഭ്യതകുറവുമൂലം പഠനം സാധ്യമാകാതെ നിൽക്കുന്ന കുഞ്ഞുങ്ങളും ഒരു നേർക്കാഴ്ചയാണ്. ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമാകാത്ത ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് സാധാരണ തങ്ങളോടൊപ്പം പഠിക്കുന്ന കുട്ടികൾ ക്ലാസ്സുകൾ കേൾക്കുകയും പഠിക്കുകയും ചെയ്യുമ്പോൾ നിസ്സഹായരായിരിക്കാനേ കഴിയുന്നുള്ളൂ. ഇവരിലേക്ക് ഈ സൗകര്യങ്ങൾ എല്ലാം എത്തി എന്നിരിക്കട്ടെ – സാങ്കേതിക നിരക്ഷരത ഒരു ഘടകമായി നിൽക്കുന്നു. ഡിവൈസുകൾ ഉണ്ടെങ്കിലും രക്ഷിതാക്കൾക്ക് കുഞ്ഞുങ്ങളുടെ കൂടെ ഇരുന്ന് പഠിപ്പിക്കാനുള്ള സാഹചര്യം അന്നന്നുള്ള വയറിനുവേണ്ടി ജീവിതം മുന്നോട്ടു നയിക്കുന്നവർക്ക് ഇല്ലാ എന്നതും ഒരു പോരായ്മയാണ്.

ഒരു സമൂഹത്തന്റെ മുഴുവൻ ഉത്തരവാദിത്തമാണ് അവിടുത്തെ കുട്ടികൾ. കുട്ടികൾക്കിടയിലെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക കാര്യങ്ങൾ അറിഞ്ഞുകൊണ്ട് പഠനം ഇനിയും മുൻപോട്ടു കൊണ്ടുപോകേണ്ടത് അത്യന്താപേക്ഷിതമാണ്.

കുഞ്ഞുകുട്ടികളെപ്പറ്റിയും, അവരുടെ പഠനവും ഇതിനോടുകൂടെ ചിന്തിക്കാതിരിക്കാൻ കഴിയില്ല. ആദ്യമായി പള്ളിക്കൂടത്തിലേക്ക് വളരെ ആകാംക്ഷയും ചെറുഭയവുമായി അമ്മയുടെ കയ്യും പിടിച്ചുകൊണ്ട് ആദ്യപടി ചവിട്ടിയവരാണ് നാം ഓരോരുത്തരും സ്കൂളിൽ പോയത്. എന്നാൽ ഇന്ന് കുരുന്നു തലമുറക്കു അതിന്റെ മാധുര്യം നുണയാൻ കഴിയാതെ പോയിരിക്കുന്നു. ആദ്യക്ലാസ്സുകൾ ടിവിയിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും കാണുമ്പോൾ അവർക്കത് പുതിയസംഭവം ആയി എന്നുവരില്ല. തങ്കുപൂച്ചയും, കിട്ടുപൂച്ചയും എല്ലാം കാർട്ടൂൺകഥാപാത്രങ്ങളായി ആയിരിക്കണം അവരിലേക്ക് എത്തിച്ചേർന്നത്. ക്ലാസ്സ് മുറിയിലെ പങ്കുവയ്ക്കലും, കൂട്ടുകാരോടൊത്തുള്ള സംഭാഷണങ്ങളും, കൊച്ചുകൊച്ചു പിണക്കങ്ങളും, നല്ല അനുഭവങ്ങളും, ഉച്ചയൂണിന്റെ മണവും കളിയാക്കലുകളുമൊക്കെ ഓർക്കാത്തവരായി ആരും തന്നെ ഉണ്ടാവില്ല. ഇതെല്ലാം ഓൺലൈൻ പഠനത്തിലൂടെ കുട്ടികളിലേക്ക് എത്തുകയില്ല എന്നത് ഏവരും മനസ്സിലാക്കിയ ഒന്നാണ്. മുന്നോട്ടുള്ള ജീവിതത്തിൽ സാഹചര്യങ്ങളെ അതിജീവിക്കാൻ ഈ സൗഹൃദവലയത്തിന്റെ ക്ലാസ്സ് മുറിയിലെ അനുഭവം ഒരു തണലായി നിലനിൽക്കും. ഒരു കുഞ്ഞും പുസ്തകങ്ങളിലൂടെ ജീവിതത്തിൽ ഒന്നാമനാകുന്നില്ല. അവരുടെ പരിസരങ്ങളും അവർ നിൽക്കുന്ന ഇടങ്ങളും, അനുഭവങ്ങളും കൂടെ ചേരുമ്പോഴുണ്ടാകുന്ന തിരിച്ചറിവാണ് പഠനം. യേശുക്രിസ്തുവിന്റെ പഠനവും പഠിപ്പിക്കലുമെല്ലാം അതിനോടു താതാത്മ്യം പ്രാപിക്കുന്ന ഒന്നാണ്.

സാധ്യതകളും വെല്ലുവിളികളും നിറഞ്ഞതാണ് മനുഷ്യജീവിതം. വെല്ലുവിളികളെ ക്രിയാത്മകമായി നേരിടുകയും സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുകയും അതിൽ മറഞ്ഞിരിക്കുന്ന അപകടങ്ങളെ സൂക്ഷ്മതയോടെ ഒഴിവാക്കുകയും ചെയ്യുമ്പോഴാണ് ജീവിതവിജയം സാധ്യമാകുന്നത്. ഈ കോവിഡ് കാലത്ത് നന്മകളെ സ്വീകരിക്കാം, തിന്മകളോട് അകലം പാലിക്കാം.



# പരാജയങ്ങൾ വിജയത്തിന്റെ ചൂണ്ടുപലക

ഡോ. ജാൻസി ജെയിംസ്
MBBS, Conselting Psychologist,
തേവലക്കര

> "
> നമ്മൾ എത്രതന്നെ കഷ്ടപ്പെട്ടാലും ചിലപ്പോൾ വിജയിക്കണമെന്നില്ല. പക്ഷേ ഒരിക്കൽ ഈ കഷ്ടപ്പാടിന്റെ ഫലം നൂറുമേനി അധികമായി ലഭിക്കുകയും ചെയ്യും.

ജീവിതത്തിൽ നിങ്ങൾ പരാജയപ്പെട്ടിട്ടുണ്ടോ.? ഒരുപാട് കഷ്ടപ്പെട്ടിട്ടും നിരാശ അനുഭവപ്പെട്ടിട്ടുണ്ടോ..? മറ്റുള്ളവർ നിങ്ങളെ പരിഹസിച്ചിട്ടുണ്ടോ..?

എങ്കിൽ ചെറിയ ഒരു കാര്യം നിങ്ങളോട് പങ്കുവെയ്ക്കാം. നമ്മുടെ നാട്ടിൽ കാണപ്പെടുന്ന ഒരു ചെടിയാണ് Fern Plants അഥവാ പന്നൽച്ചെടികൾ. ഇന്ന് ഇൻഡോർ ആയിട്ടും ഔട്ട്ഡോർ ആയിട്ടും നട്ടുവളർത്താറുണ്ട്. ഈ പന്നൽച്ചെടികളെയും Bamboo (മുള)യുമായി നമുക്ക് താരതമ്യം ചെയ്യാം. പന്നൽച്ചെടികളുടെ വിത്ത് നമ്മൾ നട്ടാൽ പെട്ടെന്നു തന്നെ അത് കിളിർക്കുകയും നന്നായി വളരുകയും ചെയ്യും. എന്നാൽ പെട്ടെന്ന് അത് നശിക്കുകയും ചെയ്യും. എന്നാൽ മുളയുടെ വിത്തുകൾ നമ്മൾ നട്ടാൽ അതിന് സ്ഥിരമായി വെള്ളമൊഴിച്ചാലും പ്രത്യേകിച്ചു ഒരു മാറ്റവും കാണില്ല. ഏകദേശം 5 വർഷത്തോളം വെള്ളമൊഴിച്ച് അതിനെ കരുതിയാലും അതിനു യാതൊരു വളർച്ചയും കാണുകയില്ല. ഏകദേശം 5 വർഷങ്ങൾക്കുശേഷം അത് പെട്ടെന്ന് വളരുകയും ഏകദേശം 100 അടി പൊക്കത്തിൽ അത് വളരുന്നത് നമുക്ക് കാണുവാൻ സാധിക്കും. അതിന്റെ വളർച്ച നമ്മൾ പ്രതീക്ഷിക്കുന്നതിലും ഉപരി ആയിരിക്കും.

അപ്പോൾ നമ്മൾ ചിന്തിക്കും ഈ 5 വർഷക്കാലം ഈ മുളകളുടെ വിത്തുകൾ എന്തു ചെയ്യുകയായിരുന്നുവെന്ന്. അതിനു ഒരു ഉത്തരമെയുള്ളൂ. ഇത്രയും വലിയ മുളയെ പിടിച്ചുനിർത്താൻ ശക്തിയുള്ള വേരുകളെ അവ നിർമ്മിക്കുകയായിരുന്നു.

ഇതുപോലെയാണ് നമ്മുടെ ജീവിതത്തിലെ പരാജയങ്ങളും. നമ്മൾ എത്രതന്നെ കഷ്ടപ്പെട്ടാലും ചിലപ്പോൾ വിജയിക്കണമെന്നില്ല. പക്ഷേ ഒരിക്കൽ ഈ കഷ്ടപ്പാടിന്റെ ഫലം നൂറുമേനി അധികമായി ലഭിക്കുകയും ചെയ്യും. അതിനായി പ്രാർത്ഥനയോടെ കാത്തിരിക്കുക.



**അമൽ മാത്യു**
സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച്, കൊട്ടാറ

# ജീവന്റെ ഘടികാരം

എന്റെ ജീവന്റെ ഘടികാരം നിശ്ചലമാകുമ്പോൾ
മിനിറ്റുകളും സെക്കന്റുകളും പിന്നിലേക്ക് ഓടുമ്പോൾ
ചില വായ്മൊഴികൾ മന്ത്രിക്കും ഞാൻ ആരായിരുന്നുവെന്ന്
മഴയത്ത് കരഞ്ഞുകൊണ്ട് ചിരിപ്പിക്കാൻ എനിക്ക് ഏറെ ഇഷ്ടമായിരുന്നു
ജീവിതത്തിലെ അതിവേഗമുള്ള ഓട്ടപ്പാച്ചിലിനിടയിൽ എവിടെ വെച്ചോ
എന്നുള്ളിലെ എന്നെത്തന്നെ എനിക്ക നഷ്ടമായി
നേടാൻ ഇനിയും നേരമുണ്ടെന്നു കരുതി വീണ്ടുമോതി
എന്നാൽ നിശ്ചലമായിരുന്നു എന്റെ ജീവന്റെ ഘടികാരം



# ഓർമ്മപ്പൂക്കൾ

**മനു ലൂക്കോസ് ജേക്കബ്**

കാലം ചെയ്ത ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സഹോദരി മോളി ജേക്കബിന്റെ മകൻ മനു ലൂക്കോസ് ജേക്കബ് തിരുമേനിയെ പറ്റിയുള്ള ഓർമ്മകൾ പങ്കുവയ്ക്കുന്നു.

നല്ലൊരു വിശാല ഹൃദയത്തിന്റെ ഉടമയും, മികച്ച മനുഷ്യസ്നേഹിയും, പാവപ്പെട്ടവരുടെയും അശരണരുടെയും ആലംബഹീനരുടെയും ആശ്രയവും, ഭിന്നശേഷിക്കാർക്ക് കൈത്താങ്ങുമായിരുന്നു തിരുമേനി. തിരുമേനി അപ്പച്ചന് എന്റെ അമ്മയെ കൂടാതെ രണ്ട് സഹോദരരാണ് ഉള്ളത്. എല്ലാവരും കൊച്ചുണ്ണിച്ചായൻ എന്ന് വിളിക്കുന്ന തോമസ് ലൂക്കോസ്, കൊച്ചുമോൾ എന്ന് വിളിക്കുന്ന സരോ. തിരുമേനി അപ്പച്ചൻ ഞങ്ങൾ കുടുംബാംഗങ്ങൾക്ക് ഒരു മാർഗദർശി കൂടി ആയിരുന്നു. കുടുംബത്തിലെ ഏതൊരു അംഗത്തിനും എന്ത് ആവശ്യം നേരിട്ടാലും യഥാസമയം ഉചിതമായ നിർദ്ദേശങ്ങളും ആലോചനകളും സഹായങ്ങളും തിരുമേനി അപ്പച്ചൻ നൽകിയിരുന്നു. എന്റെ വല്യമ്മച്ചി (തിരുമേനി അച്ചന്റെയും എന്റെ അമ്മയുടെയും മാതാവ്) ഉള്ളപ്പോൾ സഭയിലെ എല്ലാ തിരുമേനിമാരെയും ഞങ്ങളുടെ ഭവനത്തിൽ ഭക്ഷണത്തിന് ക്ഷണിക്കുക പതിവായിരുന്നു. മാരാമൺ കൺവൻഷൻ അല്ലാതെ എല്ലാ തിരുമേനിമാരെയും ഒരുമിച്ച് കാണാനുള്ള അവസരമാണ് ഈ കൂട്ടായ്മയിലൂടെ ഞങ്ങൾ കുടുംബാംഗങ്ങൾക്ക് ലഭിച്ചത്. എല്ലാ കുടുംബാംഗങ്ങളെയും അവരുടെ ഭവനങ്ങളിൽ ചെന്ന് കാണുന്ന നല്ല ഒരു പതിവ് തിരുമേനി അപ്പച്ചന് ഉണ്ടായിരുന്നു. ഞങ്ങളിൽ ആർക്കെങ്കിലും രോഗമോ മറ്റ് പ്രതിസന്ധികളോ നേരിടുമ്പോൾ തിരക്കുകൾക്കിടയിലും സമയം കണ്ടെത്തി ഞങ്ങളെ സന്ദർശിക്കാൻ എത്തുന്ന നല്ല ഒരു സ്നേഹനിധി ആയിരുന്നു തിരുമേനി. തിരുമേനിയുടെ വിയോഗം ഞങ്ങൾക്ക് താങ്ങാവുന്നതിനും അപ്പുറം ആയ നഷ്ടബോധവും നികത്താനാവാത്ത ശൂന്യതയുമാണ് ഞങ്ങൾക്ക് ഉളവാക്കി ഇരിക്കുന്നത്.'എന്നാൽ നീ ബുദ്ധിമാന്മാർ ആകാശ മണ്ഡലത്തിലെ പ്രഭ പോലെയും പലരെയും നീതിയിലെ കാത്തിരിക്കുന്നവർ നക്ഷത്രങ്ങൾ പോലെയും എന്നും എന്നേക്കും പ്രകാശിക്കും'(ദാനി:12:3)



# SAVE **WATER**

## ECOLOGICAL SUNDAY MEDITATION

Save water. Turn off tap while brushing your teeth. Collect the water used to wash vegetables or to irrigate our vegetable garden.

We tend to think of India as a wet country, but in recent years, the average rainfall has fallen and conservation messages such as hosepipe bans are almost the norm during the drier summer months. The amount of water we use for the home is growing year by year. A household today us. 70% more water than it did 30 years ago, mainly because we now have more labour-saving appliances which use lots of water such as dishwashers and washing machines. We also water our gardens much more frequently than in the past and the number of cars to be washed has doubled in recent years. In fact, on average, we each use 50 litres of water a day - that's about one bathtub .11! We all need to consider the ways in which we use water and how we could reduce waste. It's as easy as turning a faucet. That's all we have to do to save 8 gallons a day of water. At a time when water resources are becoming increasingly scarce, this is a simple but important part of the solution. Every dripping faucet, every leaky hose, every unused gush of water can be prevented and should be a part of the solution. Keep that valve shut when we're not using it. Think of the water from our tap as a valuable resource-one that shout.), needlessly be washed down the drain. Water is the stuff that sustains life, gives us food and trees, and keeps the world healthy and green. Treat it like gold.

courtesy:
**Most. Rev. Dr. Philipose Mar Chrysostom Valiya Metropolitan**
*(Lenten Thoughts)*

# പ്രശ്നോത്തരി

**ഹെർമ്മോൻ ദൂതൻ**
പ്രശ്നോത്തരിക്ക് ലഭിക്കുന്ന
അഭൂതപൂർവ്വമായ
പ്രതികരണത്തിന്
**നന്ദി..**

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ള താണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാർഹനാകുന്നതാണ്.**

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി:**
**2021 മെയ് 20**

ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക - **എഡിറ്റർ**

കഴിഞ്ഞ ലക്കത്തിലെ വിജയി:
**നവോമി എം. മാത്യു**
(കുളക്കട)

## കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1. പത്താമത്തെ ബാധ
2. എൽ എലോഹ് ഇസ്രായേൽ
3. പതിനെട്ടാം നൂറ്റാണ്ടിൽ
4. എഡ്മണ്ട് ഹിലാരി
5. ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത
6. യോശുവ
7. പ്രോത്സാഹനം

## ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. ഉയിർത്തെഴുന്നേറ്റ കർത്താവ് ആദ്യം പോയത് എവിടേക്ക്?
2. യരുശലേമിൽ നിന്ന് രണ്ട് ശിഷ്യന്മാർ യാത്ര ചെയ്തത് എവിടേക്ക്?
3. വീണ്ടും മീൻപിടുത്തത്തിലേക്ക് മടങ്ങിയത് എത്ര ശിഷ്യർ?
4. കർഷക സമരത്തോടനുബന്ധിച്ച് രാജി വച്ച ഭക്ഷ്യസംസ്കരണ മന്ത്രി ആര്?
5. വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും എന്ന് പാടിയ കവി?
6. പന്നൽച്ചെടിയുടെ ആംഗലേയ നാമം?
7. ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന സ്ഥാപനം?

## കഴിഞ്ഞ ലക്കത്തിൽ ശരിയായ ഉത്തരം അയച്ചവർ

1. റിനു.കെ.ഉമ്മൻ ....... (ഞക്കനാൽ ശാലേം മാർത്തോമ്മ ചർച്ച്)
2. ജോളി റിനു ....... (ഞക്കനാൽ ശാലേം മാർത്തോമ്മ ചർച്ച്)
3. രാജൻ എം.കെ. ....... (പുതുവൽ സെന്റ് തോമസ്)
4. ബിബിൻ എ. കാര്യാട്ട് ....... (കലയപുരം, ശാലേം മാർത്തോമ്മ ചർച്ച്)
5. അബ്രാം ജയിംസ് ഷീജു ....... (കുറത്തികാട് യെരുശലേം മാർത്തോമ്മാ ചർച്ച്)
6. അരോൺ എബ്രഹാം ഷീജു ....... (കുറത്തികാട് യെരുശലേം മാർത്തോമ്മാ ചർച്ച്)
7. ഒ.തോമസ് ....... (ബഥേൽ മാർത്തോമ്മാ ചർച്ച് വാത്തിക്കുളം)
8. ഏലിയാമ്മ ജേക്കബ് ....... (ബഥേൽ മാർത്തോമ്മാ ചർച്ച് വാത്തിക്കുളം)
9. റീനാ ബിജി ....... (കണ്ണംകോട് മാർത്തോമ്മാ ചർച്ച് വെള്ളക്കുളങ്ങര)
10. കെ.പാപ്പച്ചൻ ....... (തേവലക്കര)
11. രേഷ്മ ലിജു ....... (ബഥേൽ മാർത്തോമ്മാ ചർച്ച് വാത്തിക്കുളം)
12. ലീലാമ്മ ജോർജ്ജ് ....... (ചുനക്കര, സെന്റ് തോമസ്)
13. ലില്ലിക്കുട്ടി. ഡി. ....... (IMTC West Kallada)
14. ആലീസ് തോമസ് ....... (തേവലക്കര IMTC)
15. നവോമി എം.മാത്യു ....... (കുളക്കട സെന്റ് തോമസ് മാർത്തോമ്മാ ചർച്ച്)
16. ലീലാമ്മ ജോർജ്ജ് ....... (വാത്തിക്കുളം സെന്റ് പോൾസ്)
17. മിനി വിൽസൻ ....... (കറ്റാനം സെന്റ് തോമസ്)
18. റെനി കോശി ....... (ചൂരക്കോട് സെന്റ് മാത്യൂസ് മാർത്തോമ്മാ ചർച്ച്)
19. ഡോ. റിജോ സൈമൺ തോമസ് ....... (കോഴിക്കോട് സെന്റ് തോമസ്)
20. ഡോ. ലേയ സാറാ മാത്യു ....... (കോഴിക്കോട് സെന്റ് തോമസ്)
21. ഗീത പി. സൈമൺ ....... (കോഴിക്കോട് സെന്റ് തോമസ്)
22 ഗ്രേസി തോമസ് ....... (ചുനക്കര സെന്റ് തോമസ്)
23. പി.ജി.തോമസ് ....... (കോഴിക്കോട് സെന്റ് തോമസ്)
24. ഓമന എബ്രഹാം ....... (കുറത്തികാട് യെരുശലേം മാർത്തോമ്മാ ചർച്ച്)
25. ഷീജു എബ്രഹാം ....... (കുറത്തികാട് യെരുശലേം മാർത്തോമ്മാ ചർച്ച്)
26. ബിൻസി എ.കാര്യാട്ട് ....... (കലയപുരം ശാലേം മാർത്തോമ്മാ ചർച്ച്)
27. ജോഹാൻ ജോജൻ ജോൺ ....... (തേവലക്കര ഹെബ്രോൻ)

28. റോസമ്മ ബേബി.............(ഏനാത്ത് മാർത്തോമ്മാ ചർച്ച്)
29. മോളി ജേക്കബ്.............(കറ്റാനം സെന്റ് തോമസ് മാർത്തോമ്മാ ചർച്ച്)
30. റ്റി.മത്തായി .............(ഞക്കനാൽ ശാലേം)
31. സോണി സുരേഷ് .............(സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് ചുനക്കര)
32. ലില്ലി തോമസ് .............(ചാച്ചിപ്പുന്ന ശാലേം മാർത്തോമ്മാ ചർച്ച്)
33. മേരിക്കുട്ടി എബ്രഹാം............. (വാത്തിക്കുളം ബഥേൽ മാർത്തോമ്മാ ചർച്ച്)
34. ലിസ്സി യേശുദാസൻ............. (കാപ്പിൽ സെന്റ് തോമസ്)
35. സോഫി മോനച്ചൻ .............(സെന്റ് തോമസ് മാർത്തോമ്മാ ചർച്ച്)
36. മേരി മാത്യു .............(മണ്ണടി MTC)
37. ലിസ്സി സാം ............. (സെഹിയോൻ, താന്നിക്കുളം MTC)
38. ബീനാ ജേക്കബ് .............(ചുനക്കര സെന്റ് തോമസ് MTC)
39. ലിമ ജേക്കബ് ............. (വാത്തിക്കുളം ബഥേൽ MTC)
40. റിൻസി റെജി ............. (വാത്തിക്കുളം ബഥേൽ MTC)
41. സൂസമ്മ ജോൺ .............(കായംകുളം ശാലേം MTC)
42. ഡോ.ജാൻസി ജെയിംസ് .............(തേവലക്കര ഇമ്മാനുവേൽ MTC)
43. ജേഷ്മി മറിയം ജൂലി ............. (വെസ്റ്റ് കല്ലട MTC)
44. ജെസ്സി ജോസഫ് .............(തഴവ MTC)
45. ലാലി ജെയിംസ് .............(ഇമ്മാനുവേൽ, തേവലക്കര MTC)
46. ജിനു.ജെ.ശമുവേൽ.............(അരിന്നല്ലൂർ ബഥേൽ MTC)
47. ആഷിൻ ജോൺ അനിയൻകുഞ്ഞ് ............. (വെസ്റ്റ് കല്ലട MTC)
48. സൂസമ്മ ജേക്കബ്.............(കൊല്ലക സെന്റ് തോമസ് MTC)
49. പൊന്നമ്മ തോമസ്.............(ചാച്ചിപ്പുന്ന ശാലേം)
50. റോസമ്മ ബേബി.............(ഏനാത്ത് MTC)
51. കെ.എസ്. തോമസ്.............(ചുനക്കര സെന്റ് തോമസ് MTC)
52. സാറാമ്മ എബ്രഹാം.............(തേവലക്കര വലിയപള്ളി MTC)
53. പൊന്നമ്മ ശമുവേൽ .............(അരിന്നല്ലൂർ ബെഥേൽ MTC)
54. മറിയം നൈനാൻ ............. (കായംകുളം സെന്റ് തോമസ് MTC)
55. ശോഭ റെജി ............. (കൊറ്റനല്ലൂർ ശാലേം MTC)
56. കെ.ഒ. ശമുവേൽകുട്ടി............. (മുട്ടം ശാലേം MTC)
57. ലീലാമ്മ ഫിലിപ്പ് ............. (സെന്റ് തോമസ് ചുനക്കര)
58. അച്ചാമ്മ ജോൺ .............(വെട്ടിയാർ സെന്റ് തോമസ് MTC)
59. റ്റി.എൽ. വർഗ്ഗീസ് .............(കൊടുമൺ സെഹിയോൻ MTC)
60. ജിൻസി ജോയ് .............(കുളക്കട സെന്റ് തോമസ് MTC)
61. ലളിത ജെയിംസ് .............(ചുനക്കര സെന്റ് തോമസ് MTC)

അടുത്ത ലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, പരസ്യങ്ങൾ, കാര്യപരിപാടികൾ വ്യക്തിഗതനേട്ടങ്ങൾ, എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിയ്ക്കു വിധേയമായി അവ പ്രസിദ്ധീകരിക്കുന്നതായിരിക്കും. 2021 മെയ് 20നു മുമ്പ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം.

**2021 ജൂലായ് – സെപ്റ്റംബർ**

**വിഷയം: ജീവൻ ആദരിക്കപ്പെടുന്ന സ്വാതന്ത്ര്യം**

കൂടുതൽ വിവരങ്ങൾക്ക്

**ജോൺ മാത്യു (8281211502) എഡിറ്റർ,**

**ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691 523**

Email: hermondoothan@gmail.com, johnmathewachen@yahoo.co.in

## അനുമോദനങ്ങൾ



ഏനാത്ത് മാർത്തോമ്മാ ഇടവകയിൽ തോട്ടത്തിൽ ശ്രീ. സാം ഏബ്രഹാമിന്റെയും ശ്രീമതി മേരി സാമിന്റെയും മകൻ അലൻ സാം മദ്രാസ് I.I.T യിൽ നിന്നും അപ്ലൈഡ് മെക്കാനികിസിൽ Ph.D കരസ്ഥമാക്കി.
ഇപ്പോൾ മൈസൂർ N.I.Eയിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്യുന്നു. ഭാര്യ. ഡോ. അന്നാ മറിയം സൈമൺ, തേവർവേലിൽ



കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും MTech Computer Science & Eng. ഒന്നാം റാങ്ക് കരസ്ഥമാക്കിയ കിഴക്കുപുറം ബഥേൽ മാർത്തോമ്മാ ഇടവകാംഗമായ കുമാരി. അഞ്ജു എൽസാ കോശി.

EMTM SPIRITUALITY CENTRE ADOOR, ADOOR DIOCESE

# EASOW MAR TIMOTHEOS MEMORIAL LECTURE



11th April, Sunday 2021 at 05:00 pm

Presiding : Rt. Rev. Dr. Abraham Mar Paulos Episcopa

Lecture: Rev. Dr. Mathew Daniel

a zoom platform

# നന്ദിപൂർവം...



നമ്മുടെ ഭദ്രാസനത്തിന്റെ സ്പന്ദനങ്ങളെ അവയുടെ താളാത്മകതയിൽ അതിരുകളിലും അരികുകളിലും സംവേദനം ചെയ്യുന്ന മാധ്യമമാണല്ലോ ഹെർമ്മോൻ ദൂതൻ. നമ്മുടെ ഭദ്രാസനത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ഭദ്രാസനത്തിലെ ഓരോ. അംഗങ്ങളിലും എത്തിച്ചേരണമെന്നുള്ള അഭിവന്ദ്യ തിരുമേനിയുടെ പ്രത്യേക താൽപര്യപ്രകാരം കഴിഞ്ഞ ഏതാനും വർഷങ്ങളായി ഭദ്രാസനത്തിലെ ഓരോ കുടുംബത്തിനും ഓരോ കോപ്പി എന്ന നിലയിൽ ഹെർമ്മോൻ ദൂതൻ പ്രസിദ്ധീകരിച്ച് വരികയാണല്ലോ. ഓരോ പതിപ്പിന്റെ പ്രസിദ്ധീകരണത്തിലും തിരുമേനിയുടെ പ്രത്യേക ശ്രദ്ധയും വിലയേറിയ നിർദ്ദേശങ്ങളും ഹെർമ്മോൻ ദൂതനെ മികവുറ്റതാക്കുന്നു. ഹെർമ്മോൻ ദൂതനെ അതിന്റെ ഭാഷയിലും, ശൈലിയിലും, അവതരണത്തിലും ഏറെ സ്വീകാര്യവും സംവേദാത്മകവുമാക്കി പുതിയ രൂപവും ഭംഗിയും ചാർത്തുന്നതിന് ബഹുമാനപ്പെട്ട റവ. ഡോ. പി. ജെ. തോമസ് അച്ചൻ ചീഫ് എഡിറ്റർ എന്ന നിലയിൽ ത്യാഗാത്മകമായ ശുശ്രൂഷ നിർവഹിച്ചു. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ അച്ചന്റെ നിസ്വാർത്ഥമായ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. ഈ കാലയളവിൽ ഭദ്രാസന സെക്രട്ടറിയായി നേതൃത്വം നൽകിയ ആദരണീയനായ റവ. വി.കുഞ്ഞു കോശി അച്ചന്റെ സൗമ്യമായ ഇടപെടലുകളും ആഴമായ അനുഭവങ്ങളുടെ പിൻബലമുള്ള നിർദ്ദേശങ്ങളും, പ്രോത്സാഹനങ്ങളും ഹെർമ്മോൻ ദൂതന്റെ ഓരോ പതിപ്പിനെയും വ്യത്യസ്തമാക്കി. അച്ചന്റെ ധന്യമായ നേതൃത്വത്തിന് നന്ദി അർപ്പിക്കുന്നു. ഹെർമ്മോൻ ദൂതന്റെ മാനേജരായി കഴിഞ്ഞ അഞ്ചുവർഷം പ്രവർത്തിച്ച ബിഷപ്പ് സെക്രട്ടറി റവ. ഷിബു മാത്യു അച്ചന്റെ ഓരോ ഇടപെടലുകളും ഭദ്രാസനത്തെ കൂടുതൽ ജനകീയമാക്കുന്നതിന് വഴിയൊരുക്കി. അഭിവന്ദ്യ തിരുമേനിയുടെ മനമറിഞ്ഞ് ഭദ്രാസനത്തിലെ എല്ലാ ദിക്കുകളെയും അരമന ഓഫീസുമായി നിരന്തരം ബന്ധപ്പെടുത്തി നിർത്തുന്നതിനുള്ള അച്ചന്റെ അക്ഷീണ പരിശ്രമം ഭദ്രാസനത്തെ ഒരു കുടുംബം എന്ന നിലയിൽ നിർത്തുന്നതിനു സഹായകരമായി. അച്ചന്റെ സമയവും കഴിവും ക്രിയാത്മകമായ ഇടപെടലുകളും ഹെർമ്മോൻ ദൂതന് പുതിയ മുഖം നൽകി. അച്ചനോടുള്ള കടപ്പാട് നിസ്സീമമാണ്. ഹെർമ്മോൻ ദൂതന്റെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായി പ്രവർത്തിച്ച റവ. മാത്യു പി. തോമസ്, ശ്രീ. വർഗീസ് തരകൻ, ശ്രീ. കെ. കെ. ജോൺസൺ വൈദ്യൻ, അഡ്വ. പി. കെ. സക്കറിയ, ശ്രീ. ജോൺ സക്കറിയ, ശ്രീമതി സുമ ജോർജ് എന്നിവരുടെ നിർദേശങ്ങളും ആലോചനകളും ഈ ഉദ്യമത്തെ നവമാധ്യമങ്ങളുടെ നടുവിൽ നിലവാരമുള്ളതായി നിലനിർത്തുന്നതിന് കരുത്തു പകർന്നു. എഡിറ്റോറിയൽ ബോർഡ് അംഗങ്ങളോടുമുള്ള നന്ദി അർപ്പിക്കുന്നു

നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ഇടവക അംഗങ്ങളും പ്രാർത്ഥനയിലൂടെയും പങ്കാളിത്തത്തിലൂടെയും ഭദ്രാസന പ്രവർത്തനങ്ങളെ തങ്ങളുടെ ഹൃദയത്തോട് ചേർത്ത് വെക്കുവാനും ഒരുമിച്ച് ദൈവരാജ്യ ശുശ്രൂഷയിൽ മുന്നേറുവാനും ഹെർമ്മോൻ ദൂതന്റെ പ്രസിദ്ധീകരണത്തിലൂടെ വരും വർഷങ്ങളിലും സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**റവ. ജോൺ മാത്യു (ഏഴംകുളം)**

ശതോത്തര വജ്രജൂബിലി സ്തോത്ര ശുശ്രൂഷയും 22–ാം മലങ്കര മാർത്തോമ്മാ അഭി ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് സ്വീകരണവും: ഏനാത്ത് മാർത്തോമ്മാ ചർച്ച്



ഭദ്രാസന സന്നദ്ധ സുവിശേഷക സംഘ വാർഷികം




മാർത്തോമ്മാ സഭ അടൂർ ഭദ്രാസന റൂബി ജൂബിലിയുടെ ഭാഗമായി കറ്റാനത്തിനടുത്ത് ഇലിപ്പക്കുളത്ത് സമൂഹത്തിൽ നിർദ്ധനരും നിരാലംബരുമായ വയോജനങ്ങൾക്കായി ആരംഭിച്ച സാന്ത്വന പരിചരണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു








## New Building Construction on Progress





Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P. O.,
Printed at: Mar Thoma Press Thiruvalla, Chief Editor: Rev. Dr. P. J. Thomas